**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** **05-02-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല മണ്ഡല മഹോത്സവത്തിന് ദർശന സൗകര്യങ്ങൾ ഒരുക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എ. രാജ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ വർഷത്തെ ശബരിമല മണ്ഡല മഹോത്സവം സുഗമമായി നടത്തുന്നതിനും തീർത്ഥാടകർക്ക് ആയാസരഹിതമായും സമയബന്ധിതമായും ദർശന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൃത്യമായ ഏകോപനത്തിലൂടെ 2025-26 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലം പരാതി രഹിതമായി പൂർത്തീകരിച്ചിട്ടുള്ളതും ശബരിമല ദർശനത്തിനായി എത്തിച്ചേർന്ന അയ്യപ്പഭക്തർക്ക് ഏറ്റവും മികച്ച തീർത്ഥാടനാനുഭവം നൽകുവാൻ സാധിച്ചിട്ടുള്ളതുമാണ്.<br><br>ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നിരവധി അവലോകന യോഗങ്ങൾ ചേർന്നിരുന്നു. ശബരിമല തീർത്ഥാടനത്തിന്റെ അവലോകനത്തിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.06.2025, 29.10.2025 തീയതികളിൽ ഗവ. സെക്രട്ടേറിയറ്റിൽ വച്ചും 22.11.2025, 26.12.2025 തീയതികളിൽ പമ്പയിൽ വച്ചും 27.11.2025 തീയതി എരുമേലിയിൽ വച്ചും യോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിലും നിരവധി യോഗങ്ങൾ ചേരുകയുണ്ടായി.<br><br>2024-25 വർഷത്തെ തീർത്ഥാടനകാലത്ത് 53,09,906 പേർ തീർത്ഥാടനം നടത്തിയ സ്ഥാനത്ത് 2025-26 വർഷം 54,39,847 പേർ തീർത്ഥാടനം നടത്തിയിട്ടുണ്ട്. 1,29,941 തീർത്ഥാടകരുടെ വർദ്ധനവാണ് മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഉണ്ടായിട്ടുള്ളത്. കാനന പാത വഴിയുള്ള തീർത്ഥാടകരുടെ എണ്ണത്തിലും ഈ വർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തീർത്ഥാടകരുടെ എണ്ണം |

| | | | |
|---|---|---|---|
| | | | ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിലും സുരക്ഷിതവും ആയാസരഹിതവുമായ തീർത്ഥാടന കാലം ഒരുക്കുവാൻ സാധിച്ചുവെന്നത് അഭിമാനകരമാണ്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട വകുപ്പ് തല ഏകോപന പ്രവർത്തനങ്ങൾക്കായി തീർത്ഥാടന കാലം ആരംഭിക്കുന്നതിന് വളരെ മുമ്പ് പരിചയസമ്പന്നനായ ഉദ്യോഗസ്ഥനെ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി സർക്കാർ നിയോഗിച്ചിരുന്നു. കൃത്യമായ മുന്നൊരുക്കങ്ങളും സമയബന്ധിതമായ അവലോകനവും പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ സേവനവും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.<br><br>ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഒരുക്കിയ ക്രമീകരണങ്ങളും സംബന്ധിച്ച വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിനും അവരെ സഹായിക്കുന്നതിനും അവർക്ക് ആവശ്യമായ സംരക്ഷണമൊരുക്കുന്നതിനുമായി സംസ്ഥാനത്തെ പോലീസ് സേന നടത്തിയ അഭിനന്ദനീയമായ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. സുഖദർശനം - സുരക്ഷിത ദർശനം എന്ന കാഴ്ചപ്പാടോടുകൂടിയ പഴുതടച്ച സുരക്ഷാ സംവിധാനങ്ങളും തിരക്ക് നിയന്ത്രണ മാർഗങ്ങളുമാണ് ശബരിമലയിൽ പോലീസ് ഒരുക്കിയിരുന്നത്. ഭക്തജന തിരക്ക് നിയന്ത്രണാതീതമാകുന്ന സാഹചര്യത്തിൽ 'ഹോൾഡ് ആൻഡ് റിലീസ് മെക്കാനിസം' ഉപയോഗപ്പെടുത്തി തിരക്ക് ക്രമീകരിച്ചിരുന്നു. ശബരിമലയിലെ തിരക്കിന്റെ തൽസ്ഥിതി ഭക്തരെ അറിയിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വീഡിയോ വാളുകൾ സ്ഥാപിച്ചിരുന്നു. തിരക്ക് മൂലം ഭക്തർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിച്ചും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവുകൾ പാലിച്ചുമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത്.<br><br>തിരക്ക് ഫലപ്രദമായി നിയന്ത്രിക്കാനും തീർത്ഥാടകരെ സഹായിക്കാനുമായി വിപുലമായ പോലീസ് സുരക്ഷാ പദ്ധതി (Bandhobust Scheme) തയ്യാറാക്കിയിരുന്നു. നിലയ്ക്കൽ, പമ്പ, സന്നിധാനം ഡിവിഷനുകളിൽ തീർത്ഥാടകരുടെ സുഗമമായ സഞ്ചാരത്തിന് മേൽനോട്ടം വഹിക്കാൻ സ്പെഷ്യൽ ഓഫീസർമാരെയും അഡീഷണൽ സ്പെഷ്യൽ ഓഫീസർമാരെയും ചുമതലപ്പെടുത്തുകയും 18741 പോലീസ് ഉദ്യോഗസ്ഥരെയും വിന്യസിക്കുകയും ചെയ്തിരുന്നു. |

തീർത്ഥാടന സീസണിലെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമുള്ള വാഹനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ തുടങ്ങിയ സജ്ജീകരണങ്ങളും ഒരുക്കിയിരുന്നു. ഇത്തവണ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ എല്ലാ ഇടത്താവളങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സുരക്ഷിതവും വ്യവസ്ഥാപിതവുമായ ഒരു തീർത്ഥാടനം ഉറപ്പാക്കാൻ ബഹുമുഖ ഇടത്താവള സുരക്ഷാ പദ്ധതി നടപ്പിലാക്കിയിരുന്നു. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി ഇടത്താവളങ്ങളെ പ്രധാന ബ്ലോക്കിംഗ് പോയിന്റുകളായി ഉപയോഗിച്ചിരുന്നു. തീർത്ഥാടകരുടെ വാഹനങ്ങളുടെ ഒഴുക്ക് നിയന്ത്രിക്കുന്നതിനായി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ ജില്ലാ ട്രാഫിക് റെഗുലേഷൻ സ്കീം നടപ്പിലാക്കി. ജില്ലാ അതിർത്തികളിലും ട്രാൻസിറ്റ് പോയിന്റുകളിലും തീർത്ഥാടകരുടെ നീക്കം സുഗമമാക്കിയിരുന്നു. നിലയ്ക്കലിലെ പാർക്കിംഗ് ശേഷി കവിഞ്ഞാൽ, ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരുമായി ഏകോപിപ്പിച്ച് തീർത്ഥാടകരുടെ വാഹനങ്ങൾ ഇടത്താവളങ്ങളിലോ മറ്റ് പാർക്കിംഗ് കേന്ദ്രങ്ങളിലോ നിർത്തുവാനുള്ള നടപടികളും സ്വീകരിച്ചിരുന്നു.

ഒരേസമയം 3,000 പേർക്ക് നിൽക്കാൻ കഴിയുന്ന രീതിയിൽ 100 മീറ്റർ നീളമുള്ള പമ്പ മണപ്പുറം നടപ്പന്തൽ നാല് ഭാഗങ്ങളായി തിരിച്ചുകൊണ്ട്, സന്നിധാനത്തെ തിരക്കിനനുസരിച്ച് 'ഹോൾഡ് ആൻഡ് റിലീസ്' സംവിധാനത്തിലൂടെ പമ്പയിൽ നിന്നുള്ള തീർത്ഥാടകരുടെ ഒഴുക്ക് നിയന്ത്രിച്ചു. വെർച്വൽ ക്യൂ (VQ) വഴി പ്രതിദിനം 70,000 പേർക്ക് ദർശനം അനുവദിച്ചിരുന്നു. സ്പോട്ട് ബുക്കിംഗ് വഴി 20,000 പേർക്കും കൂടി അവസരം ലഭിച്ചു. മകരവിളക്ക് ദിവസം മകരജ്യോതി ദർശനത്തിന് ശേഷം ഉണ്ടാകുന്ന കനത്ത തിരക്ക് നിയന്ത്രിക്കുന്നതിന് ഒരു എക്സിറ്റ് പ്ലാൻ തയ്യാറാക്കുകയും അതുപ്രകാരം ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാരെ സുരക്ഷിതമായി തിരിച്ചയക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

അന്യസംസ്ഥാനത്ത് നിന്നും എത്തുന്ന ഭക്തജനങ്ങളെ സഹായിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനുമായി വിവിധ ദക്ഷിണേന്ത്യൻ ഭാഷകളിൽ ഉള്ള അറിയിപ്പുകൾ പോലീസ് നൽകിയിരുന്നു. പാർക്കിംഗ് ഗ്രൗണ്ട്, ക്യൂ സിസ്റ്റം, പൂജാ സമയങ്ങൾ തുടങ്ങിയവ ഭക്തർക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിന് ക്യൂ.ആർ കോഡ്

സംവിധാനമൊരുക്കിയിരുന്നു. ക്വിക്ക് റിയാക്ഷൻ ഫോഴ്സ് (QRF), റാപ്പിഡ് ആക്ഷൻ ഫോഴ്സ് (RAF), പോലീസ് കമാൻഡോകൾ, നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (NDRF) എന്നിവരുടെ പ്രത്യേക സംഘങ്ങളെയും നിയോഗിച്ചിരുന്നു. മെറ്റൽ ഡിറ്റക്ടറുകളും എക്സ്-റേ സ്കാനറുകളും അടങ്ങിയ ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്ക്വാഡും (BDDS) സുസജ്ജമായി പ്രവൃത്തിയെടുത്തു. പ്രത്യേക ഇന്റലിജൻസ് വിഭാഗങ്ങളും മോഷണം, സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ തടയാനുള്ള പ്രത്യേക സംഘങ്ങളും ഈ സീസണിൽ സജീവമായിരുന്നു. മാറുന്ന സുരക്ഷാ സാഹചര്യങ്ങൾ കണക്കിലെടുത്ത് സീസൺ മുഴുവൻ ആകാശ നിരീക്ഷണം നടത്താൻ തീരുമാനിച്ചു. ഇത് സുരക്ഷാ വീഴ്ചകൾ തടയാനും തിരക്ക് നിയന്ത്രിക്കാനും സഹായിച്ചു.

**<u>പ്രത്യേക സുരക്ഷാ നിരീക്ഷണം (Special Surveillance):</u>**

അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ഇന്റലിജൻസ് വിഭാഗം 'സ്പെഷ്യൽ സെല്ലുകൾ' രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിച്ചു. രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഉദ്യോഗസ്ഥരെ വിന്യസിച്ചിരുന്നു.

**<u>തിരക്ക് നിയന്ത്രണം (Crowd Management Analysis):</u>**

ഓരോ ദിവസവും എത്തിച്ചേരാൻ സാധ്യതയുള്ള തീർത്ഥാടകരുടെ എണ്ണം ശാസ്ത്രീയമായി വിശകലനം ചെയ്ത് റിപ്പോർട്ട് നൽകി തിരക്ക് നിയന്ത്രിക്കുന്നതിനായുള്ള കൃത്യമായ പ്ലാനിംഗ് (Dynamic Deployment) നടത്താൻ ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കിയിരുന്നു.

**<u>സുരക്ഷാ ഭീഷണികൾ തടയൽ:</u>**

തീർത്ഥാടന കേന്ദ്രങ്ങളിലെ അട്ടിമറി സാധ്യതകൾ, തീവ്രവാദ സ്വഭാവമുള്ള നീക്കങ്ങൾ, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കുകയും തടയുകയും ചെയ്തു.

**<u>അപകട സാധ്യതാ വിശകലനം (Threat Assessment):</u>**

തീർത്ഥാടന കേന്ദ്രങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള ക്രമസമാധാന പ്രശ്നങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ അല്ലെങ്കിൽ മറ്റ് അടിയന്തര

| | | | |
|---|---|---|---|
| | | | സാഹചര്യങ്ങൾ എന്നിവ മുൻകൂട്ടി കണ്ട് ജില്ലാഭരണകൂടത്തിനും എക്സിക്യൂട്ടീവ് പോലീസിനും കൃത്യമായ മുന്നറിയിപ്പുകൾ നൽകി.<br><br>**<u>സാമൂഹ്യമാധ്യമ നിരീക്ഷണം (Cyber Intelligence):</u>**<br><br>തീർത്ഥാടനവുമായി ബന്ധപ്പെട്ട് മതസ്പർദ്ധ വളർത്തുന്നതോ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതോ ആയ പോസ്റ്റുകൾ സൈബർ ഇന്റലിജൻസ് വിഭാഗം സൂക്ഷ്മമായി നിരീക്ഷിക്കുകയും ഉടനടി നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>**<u>അടിസ്ഥാന സൗകര്യങ്ങളിലെ അപാകതകൾ കണ്ടെത്തൽ:</u>**<br><br>തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം, വെളിച്ചം, ശൗചാലയങ്ങൾ എന്നിവയുടെ ലഭ്യതക്കുറവ് ഉണ്ടാകാതിരിക്കുന്നതിന് മുൻകൂട്ടി മനസ്സിലാക്കി സർക്കാരിനും ബന്ധപ്പെട്ട വകുപ്പുകൾക്കും (Devaswom Board, Health Dept) അടിയന്തര റിപ്പോർട്ടുകൾ നൽകി.<br><br>**<u>സുരക്ഷാ ഓഡിറ്റ്:</u>**<br><br>തീർത്ഥാടനത്തിന് മുന്നോടിയായി പ്രധാന കേന്ദ്രങ്ങളിൽ 'സെക്യൂരിറ്റി ഓഡിറ്റ്' നടത്തുകയും ഭീകരവാദ വിരുദ്ധ സുരക്ഷാ ക്രമീകരണങ്ങൾ (Anti-sabotage checks) ഉറപ്പുവരുത്തുകയും ചെയ്തു.<br><br>കൂടാതെ ഭാവിയിൽ ശബരിമലയിൽ ഉണ്ടാകുന്ന തിരക്ക് നിയന്ത്രണവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചുകൊണ്ട് AI enabled തെർമൽ ഇമേജിങ്, AI enabled ഫെയ്സ് റെക്കഗ്നേഷൻ ക്യാമറ, AI enabled പീപ്പിൾ കൗണ്ട് ക്യാമറ, ഓട്ടോമാറ്റിക് പാർക്കിംഗ് സ്പേസ് അലോട്ട്മെന്റ്, ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം, ഓട്ടോമാറ്റിക് ഡ്രോൺ സർവൈലൻസ് എന്നിവ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | തീർത്ഥാടന കാലത്ത് ഇടതടവില്ലാതെ വൈദ്യുതിയും ജലവും വിതരണം ചെയ്യുന്നതിനും ആരോഗ്യ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും അപകടങ്ങൾ ഉണ്ടാകാതിരിക്കാനും അഗ്നിശമന സേന നടത്തിയ ഇടപെടലും പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഒരുക്കിയിരുന്ന ക്രമീകരണങ്ങളും സംബന്ധിച്ച വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത മേഖലയിൽ ഓരോ വകുപ്പും നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഒരുക്കിയിരുന്ന ക്രമീകരണങ്ങളും |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**<u>ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഒരുക്കിയിരുന്ന ക്രമീകരണങ്ങളും സംബന്ധിച്ച വിശദമായ കുറിപ്പ്.</u>**

<u>തിരുവിതാംകൂർ ദേവസ്വം ബോർഡ്</u>

ശബരിമല തീർത്ഥാടനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ നിലയ്ക്കൽ, പമ്പ,, എരുമേലി, സന്നിധാനം എന്നിവടങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിലയ്ക്കൽ</u>

- **വിശ്രമ സൗകര്യം:** കെ.എസ്.ആർ.ടി.സി സ്റ്റാൻഡിന് സമീപം ജർമ്മൻ ഷെഡ്, പള്ളിയറക്കാവ് ദേവീക്ഷേത്രത്തിന് സമീപം 3 വിരി ഷെഡുകൾ, ഗോശാലയ്ക്ക് സമീപം 2 വിരി ഷെഡുകൾ, ശിവക്ഷേത്രത്തിന് മുന്നിൽ നടപ്പന്തൽ എന്നിവ സജ്ജീകരിച്ചിരുന്നു. ഇവിടങ്ങളിൽ ഒരേസമയം 6,000 പേർക്ക് വിശ്രമിക്കാൻ സാധിക്കും.
- **ബുക്കിംഗ് കൗണ്ടറുകൾ:** കെ.എസ്.ആർ.ടി.സി സ്റ്റാൻഡിന് സമീപം 14 വെർച്വൽ ക്യൂ/സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഒരുക്കിയിരുന്നു. ക്യൂവിൽ നിൽക്കുന്നവർക്ക് കുടിവെള്ളം, ലഘുഭക്ഷണം എന്നിവയ്ക്കുള്ള സജ്ജീകരണം ഒരുക്കിയിരുന്നു.
- **പാർക്കിംഗ്:** 21 പാർക്കിംഗ് ഗ്രൗണ്ടുകളിലായി പതിനായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം പോലീസ് സഹായത്തോടെ ഒരുക്കിയിരുന്നു. പാർക്കിംഗ് ഫീസ് പിരിയ്ക്കുന്നതിനുള്ള തിരക്ക് ഒഴിവാക്കുന്നതിനായി FASTag സംവിധാനവും ഏർപ്പെടുത്തിയിരുന്നു.
- **കുടിവെള്ളം:** കേരള വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള കിയോസ്കുകളും ചുക്കുവെള്ള വിതരണത്തിനായി 5 കൗണ്ടറുകളും ഒരുക്കിയിരുന്നു. നിലയ്ക്കലിലേക്ക് ആവശ്യമായ ജലം ഈ വർഷം സീതത്തോട് -നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനിലൂടെയാണ് എത്തിച്ചത്. തന്മൂലം ടാങ്കർ ലോറി വഴി ജലം എത്തിക്കുമ്പോഴുണ്ടാകുന്ന ചെലവിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.
- **ശുചിത്വം:** വിശുദ്ധി സേനയുടെ നേതൃത്വത്തിൽ 400 ക്ലീനിംഗ് സ്റ്റാഫുകളെ നിലയ്ക്കലിൽ

നിയോഗിച്ചിരുന്നു. ഇവർ ശേഖരിച്ച മാലിന്യങ്ങൾ വേർതിരിച്ച് ഇൻസിനറേറ്ററിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പമ്പ</u>

- **വിശ്രമ സൗകര്യം:** നിലവിലുള്ള 6 നടപ്പന്തലുകൾക്ക് പുറമെ 4 എണ്ണം കൂടി അധികമായി നിർമ്മിച്ചു. കൂടാതെ തീർത്ഥാടകർക്കായി 70 x 25 മീറ്റർ നീളത്തിൽ ജർമ്മൻ പന്തലും ഒരുക്കിയിരുന്നു.
- **ആരോഗ്യ സംവിധാനങ്ങൾ:** ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ടത് പ്രകാരം മലകയറുന്ന തീർത്ഥാടകർക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകുന്നതിനായി 6 എമർജൻസി മെഡിക്കൽ സെന്ററുകൾ (EMC) നിർമ്മിച്ച് നൽകിയിരുന്നു കൂടാതെ ബ്ലീച്ചിംഗ് പൗഡർ സൂക്ഷിക്കാനുള്ള ഗോഡൗണിന്റെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കി നൽകിയിട്ടുണ്ട്.
- **ഗതാഗതം & തിരക്ക് നിയന്ത്രണം:** പോലീസിന്റെ ആവശ്യപ്രകാരം താൽക്കാലിക ബാരിക്കേഡുകൾ നിർമ്മിച്ച് നൽകിയിരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി ബസുകൾക്ക് തിരിയാനായി യു-ടേണിൽ ഇന്റർലോക്ക് സ്ഥാപിക്കുകയും ബസ് സ്റ്റോപ്പിൽ ബാരിക്കേഡുകൾ നിർമ്മിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
- **മറ്റ് സൗകര്യങ്ങൾ:** മണപ്പുറത്തെ ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നവീകരണവും മറ്റ് കെട്ടിടങ്ങളുടെ മെയിന്റനൻസും പൂർത്തിയാക്കിരുന്നു. ട്രെക്കിംഗ് പാതയിലെ കല്ലുകളിൽ തീർത്ഥാടകർ തെന്നി വീഴുന്നത് തടയുന്നതിനായി ഗ്രിപ്പ് ഇടുകയും ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അന്നദാന മണ്ഡപത്തിന്റെ പുറകുവശത്ത് ഇന്റർലോക്ക് ഇട്ട് വൃത്തിയാക്കുകയും കോമ്പൗണ്ട് വാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് റോഡിന്റെയും ഹിൽടോപ് പാർക്കിംഗിന്റെയും മെയിന്റനൻസ് പൂർത്തിയാക്കുകയും പമ്പ ഹോസ്പിറ്റലിന്റെ എതിർ വശത്ത് ടോയ്‌ലറ്റ് ബ്ലോക്കിന്റെ പുറകുവശത്തായി ബാരിക്കേഡ് പുതിയതായി നിർമ്മിച്ചിട്ടുണ്ട്.
- **ശുചിത്വം:** വിശുദ്ധി സേനയുടെ നേതൃത്വത്തിൽ 24 മണിക്കൂറും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

<u>എരുമേലി</u>

- **പാർക്കിംഗ്:** വലിയമ്പലത്തിന് സമീപമുള്ള 3 പ്രധാന പാർക്കിംഗ് ഗ്രൗണ്ടുകളിൽ ഇന്റർലോക്ക് സൗകര്യം ഒരുക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു.
- **ടോയ്‌ലറ്റ് സൗകര്യങ്ങൾ:** വലിയ പാർക്കിംഗ് ഗ്രൗണ്ടിന് സമീപമുള്ള ടോയ്‌ലറ്റ് ബ്ലോക്കിന് മുകളിൽ ട്രസ് വർക്ക് ചെയ്ത് അയ്യപ്പഭക്തർക്കായി 'ഓപ്പൺ ഷവർ ബാത്ത്" സൗകര്യം ഒരുക്കിയിരുന്നു. കൂടാതെ ടോയ്‌ലറ്റ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ചങ്ങനാശേരി മുനിസിപ്പാലിറ്റി, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ കീഴിലുള്ള 2 മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളുടെ പൂർണ സമയ സേവനം എരുമേലിയിൽ ലഭ്യമാക്കിയിരുന്നു.
- **ശുചിത്വം:** വിശുദ്ധി സേനയുടെ നേതൃത്വത്തിൽ 24 മണിക്കൂറും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

<u>ശബരിമല (സന്നിധാനം & പരിസരം)</u>

- **ഔഷധജല വിതരണം:** പമ്പ ഗണപതി കോവിൽ മുതൽ സന്നിധാനം വരെ വിവിധയിടങ്ങളിൽ ചുക്കുവെള്ള കൗണ്ടറുകൾ സ്ഥാപിച്ച് ഔഷധജല വിതരണം നടത്തിയിരുന്നു. 75 കൗണ്ടറുകൾ ഇതിനായി ക്രമീകരിച്ചിരുന്നു. കൂടാതെ മകരവിളക്കിനോടനുബന്ധിച്ച് പാണ്ടിത്താവളത്തിൽ അധികമായി 5 കൗണ്ടറുകൾ കൂടി സ്ഥാപിക്കുകയുണ്ടായി. നടപ്പന്തലിൽ ചുക്കുവെള്ളം നൽകുന്നതിനായി ബഫർ സോണിന്റെ ഇടയിൽ ടാപ് പോയിന്റുകൾ സ്ഥാപിച്ച് ചുക്കുവെള്ളം നൽകിയിരുന്നു.
- **കുടിവെള്ള വിതരണം:** ശബരിമലയിൽ വിവിധ ഭാഗങ്ങളിലായി 2.5 കോടി ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ നിന്നും ക്ലോറിനേഷൻ ചെയ്ത ജലം വിവിധ സ്ഥലങ്ങളിലുള്ള ടാപ് പോയിന്റുകൾ വഴി ഭക്തർക്ക് വിതരണം ചെയ്തിരുന്നു. കൂടാതെ 1000 Lt/Hr കപ്പാസിറ്റിയുള്ള 5 ആർ.ഒ (RO) പ്ലാന്റുകൾ, 5000 Lt/Hr കപ്പാസിറ്റിയുള്ള 4 യു.വി പ്ലസ് യു.എഫ്. പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ നിന്നുള്ള കുടിവെള്ളം 300 ടാപ്പുകളിലൂടെ വിതരണം ചെയ്തിരുന്നു.
- **ലഘു ഭക്ഷണം:** പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് വരുന്ന ഭക്തർക്ക് ചുക്കുവെള്ളത്തോടൊപ്പം ലഘുഭക്ഷം എന്ന രീതിയിൽ ബിസ്ക്കറ്റുകളും വിതരണം ചെയ്തിരുന്നു.
- **ടോയ്‌ലറ്റ് സൗകര്യങ്ങൾ:** സന്നിധാനത്ത് ആകെ 1005 ടോയ്‌ലറ്റുകളുണ്ട് അതിൽ 885

എണ്ണം സൗജന്യമായും 120 എണ്ണം വാടക ഈടാക്കി ഉപയോഗിക്കുന്നതിനും അനുവദിച്ചിരുന്നു. കൂടാകെ മരക്കൂട്ടം - ശരംകുത്തി പാതയിലെ ആറ് ക്യൂ കോംപ്ലക്സുകളിലും SM1, SM2 എന്നിവയിലുമായുള്ള 164 ടോയ്‌ലറ്റുകളും സൗജന്യമായി ഉപയോഗിക്കുന്നതിന് നൽകിയിരുന്നു. സന്നിധാനത്ത് വിവിധ സ്ഥലങ്ങളിൽ 26 യൂറിനലുകൾ വീതമുള്ള 6 യൂറിനൽ ബ്ലോക്കുകൾ സൗജന്യമായി ഉപയോഗിക്കുന്നതിന് അനുവദിച്ചിരുന്നു. കൂടാതെ തീർത്ഥാടകർക്ക് കുളിക്കുന്നതിനായി 100 സൗജന്യ കുളിമുറികളും ഒരുക്കിയിരുന്നു.

- **അഗ്നിശമന സജ്ജീകരണങ്ങൾ:** വിവിധ സ്ഥലങ്ങളിലായി 52 ഫയർ ഹൈഡ്രന്റുകൾ, പ്രസാദ നിർമ്മാണ പ്ലാന്റ്, ഡീസൽ പ്ലാന്റ്, ഗ്യാസ് ഗോഡൗൺ, ഇൻസിനറേറ്റർ, വിവിധ കെട്ടിടങ്ങൾ എന്നിവിടങ്ങളിലായി 165 ഫയർ എക്സ്റ്റിംഗ്വിഷറുകൾ, ഇലക്ട്രിക് പാനൽ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ഫയർ അലാറം എന്നിവ സ്ഥാപിച്ചിരുന്നു.
- **താമസ സൗകര്യം:** തീർത്ഥാടകർക്കായി വിവിധ കെട്ടിടങ്ങളിൽ 540 മുറികളും 3 കോട്ടേജുകളും വാടകയ്ക്ക് നൽകിയിരുന്നു കൂടാതെ 12 വിരി ഷെഡുകളിലും അന്നദാന ണ്ഡപത്തിന്റെ മുകൾഭാഗം, വലിയ നടപ്പന്തൽ, മാഗുണ്ട, മാളികപ്പുറം നടപ്പന്തൽ, മരാമത്ത് ഓഫീസിന്റെ മുൻഭാഗത്തെ മൂന്ന് തട്ടുകൾ, മാളികപ്പുറത്തെ കെട്ടിടം പൊളിച്ച് നീക്കിയ ഭാഗം എന്നിവിടങ്ങൾ ഭക്തർക്ക് സൗജന്യമായി ഉപയോഗിക്കുന്നതിന് വിട്ട് നൽകിയിരുന്നു. അയ്യപ്പ ഭക്തർക്ക് വിശ്രമിക്കുന്നതിനായി വടക്കേ നടയിലും വാവർസ്വാമി നടയുടെ മുൻഭാഗത്തും 12 പഗോഡപന്തൽ ഒരുക്കിയിരുന്നു.
- **തിരക്ക് നിയന്ത്രണം:** തിരക്കുള്ള സമയങ്ങളിൽ മരക്കൂട്ടം മുതൽ ശരംകുത്തി വരെയും ശബരിമല പീഠം മുതൽ വലിയ നടപ്പന്തൽ വരെയും അയ്യപ്പ ഭക്തരെ സെഗ്മെന്റ് രീതിയിൽ ക്യൂ നിർത്തുന്നതിനായി ബാരിക്കേഡുകൾ സ്ഥാപിച്ചിരുന്നു. മകരവിളക്കിനോടനുബന്ധിച്ച് പാണ്ടിത്താവളം ഭാഗത്ത് താൽക്കാലിക ബാരിക്കേഡുകൾ ഒരുക്കിയിരുന്നു.
- **ആരോഗ്യ സംവിധാനങ്ങൾ:** മരക്കൂട്ടം, ക്യൂ കോംപ്ലക്സ്, ശരംകുത്തി, വാവർസ്വാമി നടയ്ക്ക് സമീപം, പാണ്ടിത്താവളം എന്നിവിടങ്ങളിൽ എമർജൻസി മെഡിക്കൽ സെന്ററുകൾ പ്രവർത്തിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയിരുന്നു. കൂടാതെ മകരവിളക്ക് സമയത്ത് ബെയ്‌ലി പാലത്തിന് സമീപവും അധികമായി എമർജൻസി മെഡിക്കൽ സെന്റർ സ്ഥാപിച്ചിരുന്നു. എല്ലാ ജീവനക്കാരും തൊഴിലാളികളും വാക്സിനേഷൻ എടുത്തിരിക്കണമെന്നതുൾപ്പെടെയുള്ള ആരോഗ്യ സുരക്ഷാ നിർദ്ദേശങ്ങൾ ബാധകമാക്കിയിരുന്നു.

- **ശുചിത്വം:** വിശുദ്ധി സേനയുടെ നേതൃത്വത്തിൽ 24 മണിക്കൂറും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.
- **അന്നദാനം:** ഈ വർഷം 21/12/2025 മുതൽ ഒന്നിടവിട്ട ദിവസങ്ങളിൽ ഭക്തർക്ക് സദ്യ നൽകുന്നത് ഉൾപ്പെടെ വിപുലമായ രീതിയിൽ തീർത്ഥാടകർക്കായി അന്നദാനം നടത്തിയിരുന്നതാണ്.
- **മറ്റ് സൗകര്യങ്ങൾ:** വെയിലിന്റെ കാഠിന്യം കുറയ്ക്കാനായി മരക്കൂട്ടം മുതൽ യു-ടേൺ വരെ ഗ്രീൻ നെറ്റ് പന്തൽ ഒരുക്കിയിരുന്നു. മകരവിളക്ക് സമയത്ത് (ജനുവരി 13, 14) പാണ്ടിത്താവളത്തിൽ ദേവസ്വം ബോർഡ് അന്നദാനം നടത്തിയിരുന്നു കൂടാതെ നടപ്പന്തലിന്റെ തുടർച്ചയായുള്ള ക്യൂ സിസ്റ്റത്തിന്റെ ഇരുവശത്തായി ക്യൂ നിൽക്കുന്ന തീർത്ഥാടകർക്ക് ഇരുന്ന് വിശ്രമിക്കുന്നതിനായി സോളിഡ് ബ്ലോക്ക് കെട്ടി സൗകര്യം ഒരുക്കിയിരുന്നു.

**പോലീസ്**

'സുഖദർശനം - സുരക്ഷിത ദർശനം' എന്ന കാഴ്ചപ്പാടോടുകൂടിയ പഴുതടച്ച സുരക്ഷാ സംവിധാനങ്ങളും തിരക്ക് നിയന്ത്രണ മാർഗങ്ങളുമാണ് ശബരിമലയിൽ പോലീസ് ഒരുക്കിയിരുന്നത്. കേരള പോലീസ് ആക്ട് 83 (1) പ്രകാരം ശബരിമലയും പരിസര പ്രദേശങ്ങളും അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ചിരുന്നു. ഭക്തജന തിരക്ക് നിയന്ത്രണാതീതമാകുന്ന സാഹചര്യത്തിൽ മുൻകൂർ തയ്യാറാക്കിയ സ്കീം പ്രകാരമുള്ള 'ഹോൾഡ് ആൻഡ് റിലീസ് മെക്കാനിസം' ഉപയോഗപ്പെടുത്തി ഇടത്താവളങ്ങളിൽ ഉൾപ്പെടെ തിരക്ക് ക്രമീകരിച്ചിരുന്നു. ശബരിമലയിലെ തിരക്കിന്റെ തൽസ്ഥിതി ഭക്തരെ അറിയിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നവിടങ്ങളിൽ വീഡിയോ വാളുകൾ സ്ഥാപിച്ചിരുന്നു. തിരക്ക് മൂലം ഭക്തർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിച്ചും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുകൾ പാലിച്ചുമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത്.

2025-26 മണ്ഡല മകരവിളക്ക് തീർത്ഥാടന കാലയളവിൽ തിരക്ക് ഫലപ്രദമായി നിയന്ത്രിക്കാനും തീർത്ഥാടകരെ സഹായിക്കാനുമായി വിപുലമായ പോലീസ് സുരക്ഷാ പദ്ധതി (Bandhobust Scheme) തയ്യാറാക്കിയിരുന്നു. ഇതിനായി ആറ് ഘട്ടങ്ങളിലായി പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ചെയ്തു. നിലയ്ക്കൽ, പമ്പ, സന്നിധാനം ഡിവിഷനുകളിൽ തീർത്ഥാടകരുടെ സുഗമമായ സഞ്ചാരത്തിന് മേൽനോട്ടം വഹിക്കാൻ സ്പെഷ്യൽ

ഓഫീസർമാരെയും അഡീഷണൽ സ്പെഷ്യൽ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിരുന്നു. പ്രാവീണ്യത്തിന്റെയും പരിചയ സമ്പന്നതയുടെയും അടിസ്ഥാനത്തിലാണ് കൺട്രോളിംഗ് ഓഫീസർമാർക്ക് ചുമതലകൾ നൽകിയിരുന്നത്.

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ തീർത്ഥാടകരെ നിയന്ത്രിക്കുന്നതിനായി 114 ഡെപ്യൂട്ടി സൂപ്രണ്ടുമാർ, 426 ഇൻസ്പെക്ടർമാർ, 1992 എസ്.ഐ/എ.എസ്.ഐ മാർ, 36 വനിതാ സി.ഐ/എസ്.ഐ മാർ, 360 വനിതാ സി.പി.ഒ/എസ്.സി.പി.ഒ മാർ, 15,813 എസ്.സി.പി.ഒ/സി.പി.ഒ മാർ ഉൾപ്പെടെ ആകെ 18,741 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചിരുന്നു. തീർത്ഥാടകരുടെ എണ്ണത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് അനുസൃതമായി സേനാംഗങ്ങളെ വിന്യസിക്കാവുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. പകലും രാത്രിയും തുടർച്ചയായ നിരീക്ഷണം ഉറപ്പാക്കുന്നതിനായി മൂന്ന് ഷിഫ്റ്റുകളിലായാണ് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നത്.

ഡ്യൂട്ടിയിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും പൊതുവായ നിർദ്ദേശങ്ങൾ നൽകിയിയിരുന്നതും കൂടാതെ, അടിയന്തര വൈദ്യ സഹായം, പ്രകൃതിക്ഷോഭങ്ങൾ, സുരക്ഷാ ലംഘനങ്ങൾ തുടങ്ങി വിവിധ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും ഉദ്യോഗസ്ഥർക്ക് വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. തീർത്ഥാടന സീസണിലെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വാഹനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ തുടങ്ങിയ സജ്ജീകരണങ്ങളും ഒരുക്കിയിരുന്നു.

ഇത്തവണ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ എല്ലാ ഇടത്താവളങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സുരക്ഷിതവും വ്യവസ്ഥാപിതവുമായ ഒരു തീർത്ഥാടനം ഉറപ്പാക്കാൻ ബഹുമുഖ ഇടത്താവള സുരക്ഷാ പദ്ധതി നടപ്പിലാക്കിയിരുന്നു. ഇതിൽ ജനക്കൂട്ട നിയന്ത്രണം, സുരക്ഷാ ഭീഷണികൾ കണ്ടെത്തൽ, അടിയന്തര പ്രതികരണം എന്നിവ ഉൾപ്പെടുന്നു. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി ഇടത്താവളങ്ങളെ പ്രധാന ബ്ലോക്കിംഗ് പോയിന്റുകളായി ഉപയോഗിച്ചിരുന്നു. തീർത്ഥാടകരുടെ വാഹനങ്ങളുടെ ഒഴുക്ക് നിയന്ത്രിക്കുന്നതിനായി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ ജില്ലാ ട്രാഫിക് റെഗുലേഷൻ സ്കീം നടപ്പിലാക്കി.

സ്പെഷ്യൽ ഓഫീസർമാരും അയൽ ജില്ലകളും തമ്മിലുള്ള ഫലപ്രദമായ ആശയവിനിമയത്തിന് മുൻഗണന നൽകിക്കൊണ്ട് ജില്ലാ അതിർത്തികളിലും ട്രാൻസിറ്റ് പോയിന്റുകളിലും

തീർത്ഥാടകരുടെ നീക്കം സുഗമമാക്കുന്നതിന് ജില്ലാ പോലീസ് മേധാവിമാർ സഹകരിച്ച് പ്രവർത്തിച്ചിരുന്നതും നിലയ്ക്കലിലെ പാർക്കിംഗിനായി ഫാസ്റ്റാഗ് (FASTag) സംവിധാനം ഏർപ്പെടുത്തിയിരുന്നതു കൊണ്ടും നിലയ്ക്കൽ എൻട്രൻസിലെ ടോൾ ഗേറ്റുകളിൽ പാർക്കിംഗ് ഫീസ് വേഗത്തിൽ അടയ്ക്കാൻ സാധിച്ചു. നിലയ്ക്കലിലെ പാർക്കിംഗ് ശേഷി കവിഞ്ഞാൽ, ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരുമായി ഏകോപിപ്പിച്ച് തീർത്ഥാടകരുടെ വാഹനങ്ങൾ ഇടത്താവളങ്ങളിലോ മറ്റ് പാർക്കിംഗ് കേന്ദ്രങ്ങളിലോ നിർത്തുവാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഒരേസമയം 3,000 പേർക്ക് നിൽക്കാൻ കഴിയുന്ന രീതിയിൽ 100 മീറ്റർ നീളമുള്ള പമ്പ മണപ്പുറം നടപ്പന്തൽ നാല് ഭാഗങ്ങളായി തിരിച്ചുകൊണ്ട്, സന്നിധാനത്തെ തിരക്ക് അനുസരിച്ച് 'ഹോൾഡ് ആൻഡ് റിലീസ്" സംവിധാനത്തിലൂടെ പമ്പയിൽ നിന്നുള്ള തീർത്ഥാടകരുടെ ഒഴുക്ക് നിയന്ത്രിച്ചു. പതിനെട്ടാംപടി വഴി ഒരു മണിക്കൂറിൽ പരമാവധി 4,200 പേർക്ക് മാത്രമേ കയറാൻ കഴിയൂ, എന്നാൽ ഇതിൽ കൂടുതൽ പേരെ പ്രവേശിപ്പിക്കുന്നത് തീർത്ഥാടകരുടെ സുരക്ഷയെ ബാധിക്കുമെന്നതുകൊണ്ട് മണിക്കൂറിൽ 4,000-ൽ താഴെ ആളുകളെ പ്രവേശിപ്പിച്ച് സൗകര്യപ്രദമായും സുരക്ഷിതമായും ദർശനം നേടാൻ തീർത്ഥാടകർക്ക് സാധിച്ചു. വെർച്വൽ ക്യൂ (VQ) വഴി പ്രതിദിനം 70,000 പേർക്ക് ദർശനം അനുവദിച്ചിരുന്നു. നിലയ്ക്കലിൽ പരിമിത മായ സ്പോട്ട് ബുക്കിംഗ് വഴി 20,000 പേർക്കും കൂടി അവസരം ലഭിച്ചു. തിരക്കുള്ള സമയങ്ങളിൽ സ്പോട്ട് ബുക്കിംഗ് നേരത്തെ അവസാനിക്കാൻ സാധ്യതയുള്ളതിനാൽ വെർച്വൽ ക്യൂ മുൻകൂട്ടി ബുക്ക് ചെയ്യാൻ നിർദേശം നൽകിയിരുന്നു. മകരവിളക്ക് ദിവസം മകരജ്യോതി ദർശനത്തിന് ശേഷം ഉണ്ടാകുന്ന കനത്ത തിരക്ക് നിയന്ത്രിക്കുന്നതിന് പോലീസ് ഡിപ്പാർട്ട്മെന്റ് ഒരു എക്സിറ്റ് പ്ലാൻ തയ്യാറാക്കുകയും അതുപ്രകാരം ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാരെ സുരക്ഷിതമായി തിരിച്ചയക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

അന്യസംസ്ഥാനത്ത് നിന്നും എത്തുന്ന ഭക്തജനങ്ങളെ സഹായിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനുമായി വിവിധ ദക്ഷിണേന്ത്യൻ ഭാഷകളിൽ ഉള്ള അറിയിപ്പുകൾ പോലീസ് ഉദ്യോഗസ്ഥർ വഴി നൽകിയിട്ടുണ്ട്. ശബരിമലയിലും പരിസര പ്രദേശങ്ങളിലും വിവിധ ഇടങ്ങളിലായി ഭക്തരെ സഹായിക്കുന്നതിനായി ക്യു ആർ കോഡുകൾ പതിപ്പിച്ചിരുന്നതും ഈ ക്യു ആർ കോഡുകൾ സ്കാൻ ചെയ്ത് പാർക്കിംഗ് ഗ്രൗണ്ട്, ക്യു സിസ്റ്റം, പൂജാ സമയങ്ങൾ തുടങ്ങിയവ ഭക്തർക്ക് എളുപ്പത്തിൽ മനസ്സിലാക്കാനും സാധിച്ചിട്ടുള്ളതുമാണ്.

കോടതി ഉത്തരവുകൾ, വിദഗ്ധ നിർദ്ദേശങ്ങൾ എന്നിവ കർശനമായി പാലിച്ചുകൊണ്ട് ശബരിമലയുടെയും പരിസര പ്രദേശങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി മോഷ്ടാക്കളെയും

സ്ഥിരം കുറ്റവാളികളെയും കണ്ടെത്തുന്നതിന് അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള സ്പോട്ടർമാർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരെയും ശബരിമലയിൽ വിന്യസിച്ചിരുന്നു. ഇതിനുപുറമെ ക്വിക്ക് റിയാക്ഷൻ ഫോഴ്സ് (QRF), റാപ്പിഡ് ആക്ഷൻ ഫോഴ്സ് (RAF), പോലീസ് കമാൻഡോകൾ, നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (NDRF) എന്നിവരുടെ പ്രത്യേക സംഘങ്ങളെയും നിയോഗിച്ചിരുന്നു. മെറ്റൽ ഡിറ്റക്ടറുകളും എക്സ്-റേ സ്കാനറുകളും അടങ്ങിയ ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്ക്വാഡും (BDDS) സുസജ്ജമായി പ്രവൃത്തിയെടുത്തു. പ്രത്യേക ഇന്റലിജൻസ് വിഭാഗങ്ങളും മോഷണം, സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ തടയാനുള്ള പ്രത്യേക സംഘങ്ങളും ഈ സീസണിൽ സജീവമായിരുന്നു. മാറുന്ന സുരക്ഷാ സാഹചര്യങ്ങൾ കണക്കിലെടുത്ത് സീസൺ മുഴുവൻ ആകാശ നിരീക്ഷണം നടത്താൻ തീരുമാനിച്ചു. ഇത് സുരക്ഷാ വീഴ്ചകൾ തടയാനും തിരക്ക് നിയന്ത്രിക്കാനും സഹായിച്ചു.

<u>പ്രത്യേക സുരക്ഷാ നിരീക്ഷണം (Special Surveillance):</u>

തീർത്ഥാടന കാലയളവിൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ഇന്റലിജൻസ് വിഭാഗം 'സ്പെഷ്യൽ സെല്ലുകൾ' രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്നു. രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനായി യൂണിഫോമിലല്ലാതെ ഉദ്യോഗസ്ഥരെ (Plainclothes Officers) വിന്യസിച്ചിരുന്നു.

<u>തിരക്ക് നിയന്ത്രണം (Crowd Management Analysis)</u>:

ഓരോ ദിവസവും എത്തിച്ചേരാൻ സാധ്യതയുള്ള തീർത്ഥാടകരുടെ എണ്ണം ശാസ്ത്രീയമായി വിശകലനം ചെയ്ത് റിപ്പോർട്ട് നൽകി തിരക്ക് നിയന്ത്രിക്കുന്നതിനായുള്ള കൃത്യമായ പ്ലാനിംഗ് (Dynamic Deployment) നടത്താൻ ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കിയിരുന്നു.

<u>സുരക്ഷാ ഭീഷണികൾ തടയൽ:</u>

തീർത്ഥാടന കേന്ദ്രങ്ങളിലെ അട്ടിമറി സാധ്യതകൾ തീവ്രവാദ സ്വഭാവമുള്ള നീക്കങ്ങൾ, അല്ലെങ്കിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കു കയും തടയുകയും ചെയ്തു.

<u>അപകട സാധ്യതാ വിശകലനം (Threat Assessment):</u>

തീർത്ഥാടന കേന്ദ്രങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള ക്രമസമാധാന പ്രശ്നങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, അല്ലെങ്കിൽ മറ്റ് അടിയന്തര സാഹചര്യങ്ങൾ എന്നിവ മുൻകൂട്ടി കണ്ട് ജില്ലാഭരണകൂടത്തിനും എക്സിക്യൂട്ടീവ് പോലീസിനും കൃത്യമായ മുന്നറിയിപ്പുകൾ നൽകി.

<u>സാമൂഹ്യമാധ്യമ നിരീക്ഷണം (Cyber Intelligence):</u>

തീർത്ഥാടനവുമായി ബന്ധപ്പെട്ട് മതസ്പർദ്ധ വളർത്തുന്നതോ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതോ ആയ പോസ്റ്റുകൾ സൈബർ ഇന്റലിജൻസ് വിഭാഗം സൂക്ഷ്മമായി

നിരീക്ഷിക്കുകയും ഉടനടി നടപടികൾ സ്വീകരിക്കുകയും ചെയ്തു.

<u>അടിസ്ഥാന സൗകര്യങ്ങളിലെ അപാകതകൾ കണ്ടെത്തൽ:</u>

തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം, വെളിച്ചം, ശൗചാലയങ്ങൾ എന്നിവയുടെ ലഭ്യതക്കുറവ് മൂലം ജനങ്ങളിൽ ഉണ്ടായേക്കാവുന്ന അമർഷം മുൻകൂട്ടി മനസ്സിലാക്കി സർക്കാരിനും ബന്ധപ്പെട്ട വകുപ്പുകൾക്കും (Devaswom Board, Health Dept) അടിയന്തര റിപ്പോർട്ടുകൾ നൽകി.

<u>സുരക്ഷാ ഓഡിറ്റ്:</u>

തീർത്ഥാടനത്തിന് മുന്നോടിയായി പ്രധാന കേന്ദ്രങ്ങളിൽ 'സെക്യൂരിറ്റി ഓഡിറ്റ്' നടത്തുകയും ഭീകരവാദ വിരുദ്ധ സുരക്ഷാ ക്രമീകരണങ്ങൾ (Anti-sabotage checks) ഉറപ്പുവരുത്തുകയും ചെയ്തു.

കൂടാതെ ഭാവിയിൽ ശബരിമലയിൽ ഉണ്ടാകുന്ന തിരക്ക് നിയന്ത്രണവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചുകൊണ്ട് AI enabled തെർമൽ ഇമേജിങ്, AI enabled ഫെയ്സ് റെക്കഗ്നേഷൻ ക്യാമറ, AI enabled പീപ്പിൾ കൗണ്ട് ക്യാമറ, ഓട്ടോമാറ്റിക് പാർക്കിംഗ് സ്പേസ് അലോട്ട്മെന്റ്, ഇൻറഗ്രേറ്റഡ് കൺട്രോൾ റൂം, ഓട്ടോമാറ്റിക് ഡ്രോൺ സർവൈലൻസ് എന്നിവ ഉപയോഗി ക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

<u>വനം വകുപ്പ്</u>

ശബരിമല തീർത്ഥാടകർ എത്തിച്ചേരുന്ന വിവിധ കാനനപാതകളിലും തീർത്ഥാടന പാതയിലും അപകടകരമായി നിന്നിരുന്ന മരങ്ങളും ശിഖരങ്ങളും മുറിച്ചു മാറ്റി സുരക്ഷിതത്വം ഒരുക്കിയിരുന്നു. തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്നതിനായി പമ്പാ നദിക്കു കുറുകെ താൽക്കാലിക തടയണകൾ നിർമ്മിക്കുകയും തിരുവാഭരണപാത തെളിക്കുകയും ചെയ്തിട്ടുണ്ട്. തിരുവാഭരണ ഘോഷയാത്രയുടെ രണ്ടാം ദിവസം തിരുവാഭരണം ഇറക്കി വയ്ക്കുന്ന വനം വകുപ്പിന്റെ ളാഹാ സത്രത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. തീർത്ഥാടന കാലയളവിൽ പാതയിലേക്ക് വന്യമൃഗങ്ങൾ എത്തിപ്പെട്ടാൽ അവയെ സുരക്ഷിതമായി കാട്ടിലേക്ക് കയറ്റി വിടുന്നതിനും പാമ്പുകളെ റെസ്ക്യൂ ചെയ്യുന്നതിനുമായി സർപ്പ വോളന്റീയർമാരുടെ സേവനം 24 മണിക്കൂറും പ്ലാപ്പള്ളി, നിലയ്ക്കൽ, പമ്പ ഭാഗങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. മണ്ഡല-മകരവിളക്ക് സീസണ് മുന്നോടിയായി അറുപത്തിയഞ്ച് കാട്ടുപന്നികളെ പമ്പയിൽ നിന്നും സുരക്ഷിതമായി മാറ്റിപ്പാർപ്പിച്ചിരുന്നു. പെരിയാർ കടുവാ സങ്കേതത്തിൽ കൂടി കടന്നു പോകുന്ന പരമ്പരാഗത കാനനപാതയായ അഴുതക്കടവ്-മുഴിക്കൽ-കരിമല- പമ്പ-സന്നിധാനം പാത 22.350 കിലോമീറ്ററും, സത്രം-പുല്ലുമേട്- സന്നിധാനം പാത 12

കിലോമീറ്ററും ഉൾപ്പെടെ ആകെ 34.35 കിലോമീറ്റർ കാനനപാതയാണുള്ളത്. ടി കാനനപാതകളിൽ തീർത്ഥാടകരുടെ സുരക്ഷയ്ക്കും സുഗമമായ തീർത്ഥാടനത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി 336 ജീവനക്കാരേയും തീർത്ഥാടന കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ പ്രത്യേകമായി 130 ഇക്കോ-ഗാർഡുകളേയും വനം വകുപ്പ് നിയോഗിച്ചിരുന്നു. ഇവരിൽ വിദഗ്ധ പരിശീലനം ലഭിച്ച സർപ്പ വോളന്റിയർമാരുടെ സ്നേക്ക് റെസ്ക്യൂ ടീമും ഉൾപ്പെട്ടിരുന്നു. മണ്ഡല-മകരവിളക്ക് കാലയളവിൽ സ്നേക്ക് റെസ്ക്യൂ ടീം 232 പാമ്പുകളെ സുരക്ഷിതമായി പിടികൂടി വിട്ടയച്ചിട്ടുണ്ട്. വനം വകുപ്പ് നിയോഗിച്ച ജീവനക്കാരുടേയും ഇക്കോ-ഗാർഡുകളുടേയും സ്നേക്ക് റെസ്ക്യൂ ടീമിന്റേയും ജാഗ്രതയും മുൻകരുതലും കാരണം മണ്ഡല-മകരവിളക്ക് കാലയളവിൽ തീർത്ഥാടന മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിച്ചു. അധിക സുരക്ഷയ്ക്കായി കാനനപാതയിൽ ഉടനീളം സി.സി.ടി.വി., റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം എന്നിവ സ്ഥാപിച്ച് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം നിരന്തരം നിരീക്ഷിച്ചു വന്നിരുന്നു. മുക്കുഴി, അഴുതക്കടവ് എന്നിവിടങ്ങളിലെ ഇൻഫർമേഷൻ സെന്ററുകൾ തീർത്ഥാടകർക്ക് ആവശ്യമായ അറിയിപ്പുകളും നിർദ്ദേശങ്ങളും നൽകുന്നതിനായി പ്രവർത്തിച്ചു. 18.35 കി.മീ. ദൂരം വരുന്ന അഴുതക്കടവ്-പമ്പ കാനനപാതയിൽ എട്ട് സാപ്പ് ഇക്കോ-ഡെവലെപ്മെന്റ് കമ്മിറ്റികളുടെ 176 സേവന കേന്ദ്രങ്ങളും പമ്പ-സന്നിധാനം പാതയിൽ മൂന്ന് ഇക്കോ-ഷോപ്പുകളും പ്രവർത്തിച്ചു. ഇതുവഴി തീർത്ഥാടകർക്ക് ശൗചാലയങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സൗഹാർദ്ദ വിശ്രമ സൗകര്യങ്ങളും, ഭക്ഷണവും ലഭ്യമാക്കി. താവളങ്ങളിൽ സൗരോർജ്ജ വേലികൾ സ്ഥാപിച്ച് സുരക്ഷ ഉറപ്പാക്കിയിരുന്നു. കാനന പാതകളിലും ശബരിമലയിലുമായി നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പമ്പയിലും സന്നിധാനത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിച്ചിരുന്നു. 'അയ്യൻ ആപ്പ്' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ തീർത്ഥാടനം സംബന്ധിച്ച് വനം വകുപ്പും മറ്റു വകുപ്പുകളും നൽകുന്ന സേവനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**<u>ഫയർ & റെസ്ക്യൂ സർവ്വീസ്</u>**

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ, പള്ളിയറക്കാവ്, പ്ലാപ്പള്ളി, പന്തളം, എരുമേലി, കാളകെട്ടി എന്നിങ്ങനെ 8 സ്ഥലങ്ങളിൽ അഗ്നിരക്ഷാ വകുപ്പ് താൽക്കാലിക ഫയർ സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തിച്ചിട്ടുള്ളതാണ്. ഇതിനു പുറമെ അയ്യപ്പഭക്തർ കുളിക്കാൻ ഇറങ്ങുന്നതും ജലാശയ അപകടങ്ങൾക്ക് സാധ്യതയുണ്ട് എന്ന് വിലയിരുത്തപ്പെടുന്നതുമായ 9 സ്നാനക്കടവുകളിൽ ഓരോന്നിലും രണ്ടു പേർ വീതം ആകെ 18 സ്കൂബ ഡൈവർമാരുടെ സേവനം വകുപ്പ് ക്രമീകരിച്ചിരുന്നു. മണ്ഡലകാലത്ത് വകുപ്പിന്റെ

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി പമ്പയിലും സന്നിധാനത്തും ഓരോ ജില്ലാ ഫയർ ഓഫീസർമാരെ പ്രത്യേകമായി നിയോഗിച്ചിരുന്നു. 10 ദിവസം വീതം വരുന്ന 6 ഷിഫ്റ്റുകൾ ആയി തിരിച്ച് ഓരോ ഷിഫ്റ്റിലും ആകെ 317 ജീവനക്കാരും, താൽക്കാലിക ഫയർ സ്റ്റേഷനുകളിലും അതിനോടനുബന്ധിച്ചുള്ള ഫയർ പോയിന്റുകളിലുമായി ഫയർ എഞ്ചിൻ, ആംബുലൻസ്, വാട്ടർ ലോറി, വാട്ടർ മിസ്റ്റ് സൗകര്യമുള്ള മോട്ടോർ ബൈക്ക്, ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ, മൾട്ടിയൂട്ടിലിറ്റി വെഹിക്കിൾ എന്നിങ്ങനെ വ്യത്യസ്ത തരത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്ന മുപ്പത്തി മൂന്നോളം വാഹനങ്ങളും ക്രമീകരിച്ചിരുന്നു. അഗ്നിരക്ഷാ വകുപ്പ് ജീവനക്കാരെ കൂടാതെ ഓരോ ഷിഫ്റ്റിലും മുപ്പതോളം പേരടങ്ങുന്ന സിവിൽ ഡിഫൻസ്-ആപദാമിത്ര സന്നദ്ധ സേനാംഗങ്ങളെയും ഫയർ ഫോഴ്സിനോടൊപ്പം ശബരിമല മഹോത്സവത്തിന്റെ സുരക്ഷയ്ക്കായി നിയോഗിച്ചിരുന്നു.

മകരവിളക്കിനോടനുബന്ധിച്ച് മകരജ്യോതി ദർശിക്കുന്നതിനായി കൂട്ടതലായി അയ്യപ്പഭക്തർ എത്തിച്ചേരുന്ന പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ കുമളി, വണ്ടിപ്പെരിയാർ, പരുന്തുംപാറ, പാഞ്ചാലിമേട്, നെല്ലിമല, അയ്യൻമല, ളാഹ, ഇലവുങ്കൽ, അട്ടത്തോട്, പഞ്ഞിപ്പാറ, വടശേരിക്കര എന്നിങ്ങനെ 12 വ്യൂ പോയിന്റുകളിൽ 147 ജീവനക്കാരെയും 30 വാഹനങ്ങളും അഗ്നിരക്ഷാ വീക്ഷണത്തിൽ പ്രത്യേകമായും ക്രമീകരിച്ചിരുന്നു. തങ്ക അങ്കി ഘോഷയാത്രയുടെ ഭാഗമായി ആറന്മുള ക്ഷേത്രത്തിൽ നിന്നും സന്നിധാനം വരെയും തിരുവാഭരണ ഘോഷയാത്രയുടെ ഭാഗമായി പന്തളം ക്ഷേത്രത്തിൽ നിന്നും സന്നിധാനം വരെയും തിരിച്ചും ഒരു റീജിയണൽ ഫയർ ഓഫീസറുടെ നേതൃത്വത്തിൽ 12 ജീവനക്കാരും, 4 സിവിൽ ഡിഫൻസ് അംഗങ്ങളും ഉൾപ്പെടെ 16 അംഗ സംഘം അനുഗമിച്ചിട്ടുള്ളതാണ്. ശബരിമല മകരവിളക്കിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ മാത്രം 959 രക്ഷാപ്രവർത്തന കോളുകൾ പങ്കെടുത്തിട്ടുണ്ട്. അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾക്ക് പുറമേ ഹോട്ടലുകളിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിലും ഉള്ള ജീവനക്കാർക്ക് ബോധവത്ക്കരണവും പ്രാഥമിക പരിശീലനവും നൽകുന്നതിനും, കെട്ടിടങ്ങളിലും, മറ്റ് അപകടസാധ്യത പ്രദേശങ്ങളിലും ഫയർ ഓഡിറ്റ് നടത്തി അപായ സാധ്യതകൾ മുൻകൂട്ടി കണ്ട് അവ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും അഗ്നിരക്ഷാ വകുപ്പ് മുൻകൈ എടുത്തിട്ടുണ്ട്.

<u>ആരോഗ്യ വകുപ്പ്</u>

ശബരിമല മണ്ഡല മകരവിളക്ക് കാലത്ത് ശരണ പാതയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച്

ഇടതടവില്ലാതെ ആരോഗ്യ ചികിത്സാ സേവനം ഏർപ്പെടുത്തുന്നതിന് ആരോഗ്യവകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. ആരോഗ്യവകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടങ്ങുന്ന ഒരു വലിയ സംഘത്തെ വിവിധ കേന്ദ്രങ്ങളിലായി സേവനത്തിന് നിയോഗിച്ചിരുന്നു. പമ്പ, അപ്പാച്ചിമേട്, നീലിമല, ചരൽമേട്, സന്നിധാനം, നിലക്കൽ, എരുമേലി എന്നീ സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും ജീവനക്കാരെ തീർത്ഥാടന കാലയളവിൽ നിയോഗിക്കുകയുണ്ടായി. ഇതിന് പുറമേ ശരണ പാതയിലെ 22 പോയിന്റുകളിൽ അത്യാഹിത സേവനം നൽകുന്നതിനുള്ള എമർജൻസി മെഡിക്കൽ സെന്ററുകളും പ്രവർത്തിച്ചിരുന്നു. കാർഡിയോളജി, അനസ്തേഷ്യോളജി, സർജറി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ തുടങ്ങിയ സ്പെഷ്യലിസ്റ്റുകളും ജനറൽ ഡോക്ടർമാരും 2025 നവംബർ 15 മുതൽ 2026 ജനുവരി 21 വരെയുള്ള കാലയളവിൽ 24 മണിക്കൂർ സേവനമനുഷ്ഠിക്കുകയുണ്ടായി. ഇതിനുപുറമേ നഴ്സിംഗ് വിഭാഗം, ഫാർമസിസ്റ്റുകൾ, നഴ്സിംഗ് അസിസ്റ്റന്റുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ അടക്കമുള്ള ഫീൽഡ് ജീവനക്കാർ എന്നിവരും ഈ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്നു. അത്യാഹിത ചികിത്സ, ഹൃദ്രോഗ ചികിത്സ, അപസ്മാരം, അപകടങ്ങൾ, ശ്വാസംമുട്ടൽ, പനി തുടങ്ങിയ ചികിത്സാവിധികളാണ് ഈ കേന്ദ്രങ്ങളിലൂടെ പ്രധാനമായും നൽകിയിരുന്നത്. ഇതിനുപുറമേ പാമ്പുകടി, പേവിഷബാധ തുടങ്ങിയവയ്ക്കുള്ള ഇഞ്ചക്ഷനും ചികിത്സയും ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിരുന്നു.

പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ നാല് ജില്ലകളിലായി ശബരിമല തീഥാടകർക്കായി പ്രത്യേക ആശുപത്രി സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. ശബരിമലയുടെ ബേസ് ആശുപത്രികളായി കോട്ടയം മെഡിക്കൽ കോളേജും കോന്നി മെഡിക്കൽ കോളേജുമാണ് പ്രവർത്തിച്ചത്. പത്തനംതിട്ട ജില്ലയിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് 5 ആശുപത്രികൾ 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കിയിരുന്നു. ഇതിനുപുറമേ പത്തനംതിട്ട ജില്ലയിലെ പ്രധാന ആശുപത്രികളെല്ലാം തീർത്ഥാടകരുടെ ആരോഗ്യ സംരക്ഷണത്തിനായി സജ്ജീകരിച്ചിരുന്നു. കോട്ടയം ജില്ലയിൽ എരുമേലി സാമൂഹിക ആരോഗ്യ കേന്ദ്രം, താവളം ഡിസ്പെൻസറി, കാളകെട്ടി ഡിസ്പെൻസറി എന്നിവിടങ്ങളിൽ ഡോക്ടറുടെ സേവനവും 3 സ്ഥലങ്ങളിൽ ഓക്സിജൻ പാർലറുകളും ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും പ്രവർത്തിച്ചിരുന്നു. ഇടുക്കി ജില്ലയിൽ കാനനപാതയിൽ സത്രം, പുല്ലുമേട് എന്നിവിടങ്ങളിൽ മെഡിക്കൽ സേവനം നൽകിയിരുന്നു. ആലപ്പുഴയിലെ പ്രവർത്തനങ്ങൾ ചെങ്ങന്നൂർ ജില്ലാ ആശുപത്രി കേന്ദ്രീകരിച്ചാണ് നടന്നത്. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന

മെഡിക്കൽ ടീമിന്റെ സേവനം നൽകിയിരുന്നു. ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിലും ചെങ്ങന്നൂർ ഗവൺമെന്റ് ജില്ലാ ആശുപത്രിയിലും പ്രത്യേക OP സൗകര്യം ഏർപ്പെടുത്തിയിരുന്നു. 4 ജില്ലകളിലും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി പരിശോധനകൾക്ക് ടീമിനെ നിയോഗിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു. പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ഫോഗിങ്ങ്, സ്പ്രേയിങ്ങ്, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയും കാര്യക്ഷമമാക്കിയിരുന്നു.

**<u>ഭാരതീയ ചികിത്സ വകുപ്പ്</u>**

ഭാരതീയ ചികിത്സ വകുപ്പിന്റെ അധീനതയിൽ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലായി ആകെ 7 താൽക്കാലിക ഡിസ്പെൻസറികൾ തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. മെഡിക്കലാഫീസർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫുകളുടെയും സേവനം 10 ഘട്ടങ്ങളിലായി ഉപയോഗപ്പെടുത്തിക്കൊണ്ട് താൽക്കാലിക ഡിസ്പെൻസറികളുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. മണ്ഡല മകരവിളക്ക് കാലയളവിൽ ശബരിമല സന്നിധാനം, പമ്പ, എരുമേലി എന്നീ താൽക്കാലിക ഡിസ്പെൻസറികളിൽ യാതൊരു വിധ പരാതികൾക്കും ഇടവരാത്ത രീതിയിൽ പ്രവർത്തനം നടത്തുകയും ചികിത്സാ തേടി എത്തിയ എല്ലാ അയ്യപ്പ ഭക്തന്മാർക്കും ഭാരതീയ ചികിത്സാ വകുപ്പിന്റെ സ്തുത്യർഹമായ സേവനം കാഴ്ചവെക്കാനും സാധിച്ചു. സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിൽ 2025 നവംബർ 11 മുതൽ 2026 ജനുവരി 20 വരെ 10 ഘട്ടങ്ങളിലായി 234 ജീവനക്കാർ സേവനം അനുഷ്ഠിച്ചു. കൂടാതെ സന്നിധാനം, പമ്പ, എരുമേലി എന്നീ താൽക്കാലിക ഡിസ്പെൻസറികൾക്കായി പ്ലാൻ ഫണ്ട് മുഖേന 13,24,065/-രൂപയുടേയും കടപ്പാട്ടൂർ, ഏറ്റുമാനൂർ, ചെങ്ങന്നൂർ എന്നീ ഇടത്താവളങ്ങളിലായി 2,70,000/- രൂപയുടേയും ഔഷധങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. ടി സേവനത്തിന്റെ ഭാഗമായി സന്നിധാനം, പമ്പ, എരുമേലി താത്കാലിക ആയുർവേദ ഡിസ്പെൻസറികളിലും കടപ്പാട്ടൂർ, ഏറ്റുമാനൂർ, ചെങ്ങന്നൂർ ഇടത്താവളങ്ങളിലെ താത്കാലിക ഡിസ്പെൻസറികളിലുമായി ആകെ 90,845 അയ്യപ്പ ഭക്തൻമാർക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**<u>ഹോമിയോപതി വകുപ്പ്</u>**

2025-2026 വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ഭക്തജനങ്ങൾക്ക് ആരോഗ്യ സേവനം ഉറപ്പാക്കുന്നതിനായി ഹോമിയോപ്പതി വകുപ്പിന്റെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികളായ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ 2025 നവംബർ 16 മുതൽ 2026 ജനുവരി 20 വരെ ജീവനക്കാരെ 1 മുതൽ 7 ഘട്ടങ്ങളിലായി ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നു.

നാഷണൽ ആയുഷ് മിഷനിൽ നിന്നുള്ള മെഡിക്കൽ ഓഫീസർമാരുൾപ്പെടെ ഓരോ ഡിസ്പെൻസറികളിലും 2 മെഡിക്കൽ ഓഫീസർമാർ, 2 ഫാർമസിസ്റ്റ്, 2 അറ്റൻഡറുമാർ എന്നിവരുടെ മികവുറ്റ സേവനം ഉറപ്പാക്കുകയും ടി കാലയളവിൽ ചികിത്സയ്ക്കെത്തിയ അയ്യപ്പഭക്തർക്ക് മികച്ച ചികിത്സ പ്രദാനം ചെയ്യുവാനും സാധിച്ചു.

**<u>പൊതുമരാമത്ത് വകുപ്പ്</u>**

<u>നിരത്ത് വിഭാഗം</u>

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടന കാലത്തോടനുബന്ധിച്ച് നിരത്ത് വിഭാഗത്തിന്റെ പരിധിയിലുള്ള ശബരിമലയിലേയ്ക്കുള്ള എല്ലാ റോഡുകളും ശബരിമല സീസൺ ആരംഭിയ്ക്കുന്നതിന് മുൻപായി തന്നെ അറ്റകുറ്റ പണികളും റോഡ് സേഫ്റ്റി പ്രവൃത്തികളും പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. മകരവിളക്ക് ദർശനം നടക്കുന്ന വ്യൂപോയിന്റിൽ പെർമനന്റ് ബാരിക്കേഡ് സ്ഥാപിച്ച് കഴിഞ്ഞ മണ്ഡലകാലത്ത് തന്നെ സുരക്ഷിതമാക്കിയിരുന്നു. നിലവിൽ GO(Rt)No. 1750/2025/PWD dated 06.11.2025 പ്രകാരം 82 പ്രവൃത്തികൾക്കായി 388.60 കോടി രൂപയുടേയും GO(Rt) No. 1755/2025/PWD dated 07.11.2025 പ്രകാരം 9 പ്രവൃത്തികൾക്കായി 30 കോടി രൂപയുടേയും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുള്ള തുടർ നടപടികൾ പുരോഗമിച്ച് വരുന്നു.

<u>ദേശിയപാത വിഭാഗം</u>

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ പ്രധാനമായും NH 183, NH 183A, NH 185 എന്നിങ്ങനെ 3 ദേശീയപാതകളാണ് ഉള്ളത്. എൻ.എച്ച്. 183 A -യിൽ നിലവിലുള്ള PBMC പ്രവൃത്തിയിലുൾപ്പെടുത്തി കാട്ടുവെട്ട്, pothole rectification വർക്കുകൾ, provision of safety measures എന്നിവ ചെയ്തിട്ടുണ്ട്. ദേശീയപാത 183-യിലും ആവശ്യമായ കാട്ടുവെട്ടിത്തെളിക്കൽ, pothole rectification വർക്കുകൾ എന്നിവ STMC വർക്കുകളോട് അനുബന്ധിച്ച് നടത്തുകയുണ്ടായി. NH 183-ന്റെ ചില ഭാഗങ്ങൾ strengthening work-ന്റെ ഭാഗമായുള്ള maintenance period-ലായതിനാൽ trafficable ആണ്. NH 185-ലും കഴിഞ്ഞ വർഷം നടത്തിയിട്ടുള്ള strengthening വർക്കുകൾ നിലവിൽ മെയിന്റനൻസ് പിരീഡിലായതിനാൽ trafficable ആണ്. കൂടാതെ മണ്ണാറക്കുളഞ്ഞി മുതൽ കണമല വരെ റോഡ് സുരക്ഷയുടെ ഭാഗമായി ക്രഷ് ബാരിയർ, ബ്ലിങ്കർ, സൂചന ബോർഡുകൾ എന്നിവ സ്ഥാപിച്ചു. കൂടാതെ ളാഹ, വലിയ വളവ്, വിളക്കുവഞ്ചി എന്നിവിടങ്ങളിൽ flexible delineator സോളാർ സ്റ്റഡ് വെക്കുകയും

ചെയ്തിട്ടുണ്ട്.

<u>കെട്ടിട വിഭാഗം</u>

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം 61.73 ലക്ഷം രൂപയുടെ ചുവടെ ചേർക്കുന്ന നാല് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. General- Sabarimala Mandala Festival 2025-26- Annual maintenance work and urgent renovation works in the existing toilet block in Police Control Room at Sannidhanam- Sabarimala 14.10 Lakhs

2. General Sabarimala Mandala makaravilakku Festival 2025-26- Annual Maintenance work and urgent renovation works and replacing damaged AC sheet roof and GI Sheet, Ceiling works for Health Inspector Office Sannidhanam- 21.83 Lakhs.

3. General- Sabarimala Mandala Makaravilakku Festival 2025-26- Annual Maintenance work and urgent renovation works including partial replacement of damaged roof ceiling for Homeo and Ayurveda Hospital at Sannidhanam- 16.69 Lakhs.

4. General Sabarimala Mandala Makaravilakku Festival 2025-26- Annual Maintenance work and urgent renovation works including partial replacement of damaged roof ceiling for PWD Camp Shed at Sannidhanam - 9.11 Lakhs.

**<u>കേരള വാട്ടർ അതോറിറ്റി</u>**

2025-26 വർഷത്തെ മണ്ഡല മകരവിളക്ക് സീസണിൽ ശുദ്ധജല വിതരണത്തിനായി പമ്പ-ശബരിമല ശുദ്ധജല വിതരണ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പ്രവർത്തന സജ്ജമാക്കി 24 മണിക്കൂറും ഭക്തജനങ്ങൾക്ക് തടസ്സ രഹിതമായി ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് സാധിച്ചു. ശബരിമല തീർത്ഥാടകർക്ക് ശുദ്ധജലം വിതരണം നടത്തുവാൻ കേരള വാട്ടർ അതോറിറ്റിയുടെ പ്രതിദിനം 13 മില്യൺ ലിറ്റർ ഉൽപ്പാദനശേഷിയുള്ള കുടിവെള്ള പദ്ധതി ശബരിമലയിൽ മുഴുവൻ സമയവും പ്രവർത്തിച്ചു. പമ്പാ ത്രിവേണിയിൽ സ്ഥിതിചെയ്യുന്ന ഇൻടേക്ക് പമ്പ് ഹൗസിൽ നിന്നും പ്രഷർ ഫിൽറ്റർ വഴി ശുദ്ധീകരിച്ച് ജലം പമ്പയിൽ സ്ഥിതിചെയ്യുന്ന ഭൂതല സംഭരണിയിൽ ശേഖരിച്ച് ക്ലോറിനേഷൻ നടത്തി പമ്പാ മേഖലയിലും നീലിമല ബോട്ടം പമ്പ് ഹൗസിലും തുടർന്ന് നീലിമല ടോപ്പ് പമ്പ് ഹൗസ്, അപ്പാച്ചിമേട് പമ്പ് ഹൗസ് വഴി ശരംകുത്തി സംഭരണിയിലും സന്നിധാനം ദേവസ്വം സംഭരണികളിലേക്കും ശേഖരിച്ച് സന്നിധാനത്തും കാനന പാതയിലും ജലവിതരണം ഉറപ്പാക്കി. പമ്പ മുതൽ ശരംകുത്തി വരെ 8 സംഭരണികളിലായി

പ്രതിദിനം 22 ലക്ഷം ലിറ്റർ ജലം സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ശബരിമല, പാണ്ടിത്താവളം എന്നിവിടങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് 1.90 കോടി ലിറ്റർ ജലം 7 ടാങ്കുകളിലായി സംഭരിച്ച് വിതരണം നടത്തി. പമ്പ മുതൽ സന്നിധാനം വരെ താൽക്കാലിക ടാപ്പുകൾ സ്ഥാപിക്കുകയും, ദേവസ്വം ബോർഡ് കിയോസ്കുകളിലേക്കും, ശൗചാലയങ്ങളിലേക്കും മറ്റ് എല്ലാ സർക്കാർ, അർദ്ധ സർക്കാർ, ദേവസ്വം ബോർഡ് സ്ഥാപനങ്ങളിലേക്കും കേരള വാട്ടർ അതോറിറ്റി തടസ്സരഹിതമായി ശുദ്ധജലമെത്തിച്ചു. സമാന്തര പാതയായ സ്വാമി അയ്യപ്പൻ റോഡിൽ ശുദ്ധജല വിതരണത്തിന് വിതരണക്കുഴലുകൾ സ്ഥാപിച്ച് ചരൽമേട് ഭാഗം വരെയും ദേവസ്വം ബോർഡ് സ്ഥാപിച്ചിരുന്ന ഇ-ടോയ്‌ലറ്റ്, കിയോസ്ക്, പൊതുടാപ്പുകൾ എന്നിവയിലും ആവശ്യാനുസരണം കുടിവെള്ള വിതരണം നടത്തി. ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച് കിയോസ്കുകളിലൂടെ ജലം വിതരണം നടത്തി. മണിക്കൂറിൽ 35,000 ലിറ്റർ ശുദ്ധജലം ഈ പ്ലാന്റ് വഴി വിതരണം ചെയ്യുന്നതിന് സാധിച്ചു. ടി പ്ലാന്റുകളിൽ നിന്നും പൈപ്പുകൾ സ്ഥാപിച്ച് കിയോസ്കുകൾ വഴി തീർത്ഥാടകർക്ക് കുടിവെള്ള വിതരണം ഉറപ്പാക്കി.

കൂടാതെ ചെങ്ങന്നൂരിലെ വിവിധ സ്ഥലങ്ങളിലായി 17 അധിക ടാപ്പുകൾ അയ്യപ്പ ഭക്തർക്കായി ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ളതും കുടിവെള്ള ലഭ്യത ഉറപ്പാക്കിയിട്ടുള്ളതുമാണ്. നിലയ്ക്കൽ ബേസ് ക്യാമ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ 1000 lph ശേഷിയുള്ള മൂന്ന് RO പ്ലാന്റുകൾക്ക് പുറമെ ടാറ്റ കൺസൾട്ടൻസി സ്ഥാപിച്ച 1000 lph ശേഷിയുള്ള ഇരുപത്തിയഞ്ച് RO പ്ലാന്റുകളിൽ നിന്നും 88 കിയോസ്കുകൾ സ്ഥാപിച്ച് ജലവിതരണം നടത്തി. കൂടാതെ പമ്പ മുതൽ സന്നിധാനം വരെ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ 103 കിയോസ്കുകൾ സ്ഥാപിച്ച് ഉത്സവ സീസൺ മുഴുവൻ ഇടതടവില്ലാതെ ശുദ്ധജല വിതരണം നടത്തി. ശബരിമല മണ്ഡല-മകരവിളക്ക് സീസണിൽ പ്ലാപ്പള്ളി ഫയർഫോഴ്സ് ക്യാമ്പ്, പ്ലാപ്പള്ളി പോലീസ് ക്യാമ്പ്, പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ, ഇലവുങ്കൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് ക്യാമ്പ് എന്നിവിടങ്ങളിലേക്ക് തടസ്സങ്ങളില്ലാതെ കുടിവെള്ളം പെരുനാട് മഠത്തുംമൂഴി പമ്പ് ഹൗസിൽ നിന്നും എത്തിച്ചു. ഇത് ഫയർഫോഴ്സ്, പോലീസ്, ഫോറസ്റ്റ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്ക് വളരെ ഉപകാരപ്രദമായി. മകര വിളക്ക് നടന്ന 2026 ജനുവരി പതിനാലാം തിയതി പാഞ്ചാലിമേട്, പരുന്തുംപാറ എന്നി പ്രദേശങ്ങളിൽ നാല് പോയിന്റുകളിലായും, കോഴിക്കാനം മുതൽ ഉപ്പുപാറ വരെയുള്ള പുല്ലുമേട് പ്രദേശങ്ങളിൽ പത്ത് കിലോമീറ്റർ ദൂര പരിധിയിൽ പതിനാലു പോയിന്റുകളിലായും കേരള വാട്ടർ അതോറിറ്റി കുടിവെള്ള

വിതരണം സുഗമമായി നടത്തുകയുണ്ടായി. നിലയ്ക്കലിൽ 65 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനായി ദേവസ്വം ബോർഡിന്റെ 40 ലക്ഷം ലിറ്റർ ടാങ്കിന് പുറമെ, കേരള വാട്ടർ അതോറിറ്റി 5 ലക്ഷത്തിന്റെ 3 സ്റ്റീൽ ടാങ്കുകളും 5000 ലിറ്ററിന്റെ 215 HDPE ടാങ്കുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച് ഉപയോഗപ്പെടുത്തി. കൂടാതെ പെരുനാട് പഞ്ചായത്തിലെ വിവിധ ഇടത്താവളങ്ങളിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രകാരം കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്. ഇടത്താവളങ്ങളായ പന്തളം, റാന്നി, വടശ്ശേരിക്കര, പത്തനംതിട്ട, എരുമേലി തുടങ്ങിയ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ മുഖേനയുള്ള കുടിവെള്ള വിതരണം ഉറപ്പാക്കി. ജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി ത്രിവേണി ഇൻടേക്ക് പമ്പ് ഹൗസിനോട് ചേർന്ന് പ്രഷർ ഫിൽറ്റർ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നും ശുദ്ധീകരിച്ച ജലം മറ്റ് എല്ലാ പമ്പ് ഹൗസിലും എത്തിച്ച് ഇലക്ട്രോക്ലോറിനേഷൻ സംവിധാനം ഏർപ്പെടുത്തി അണുനശീകരണം നടത്തുകയും, ഈ ജലത്തെ വീണ്ടും റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് വഴി ശുദ്ധീകരിച്ച് കിയോസ്കുകളിലൂടെ വിതരണം നടത്തുന്നു. ടി പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന ശുദ്ധജലം സെൻട്രൽ പൊതുജന ആരോഗ്യ പരിസ്ഥിതി എഞ്ചിനീയറിംഗ് ഓർഗനൈസേഷനും (CPHEEO) ലോകാരോഗ്യ സംഘടനയും (WHO) നിഷ്കർഷിക്കുന്ന നിലവാരം പുലർത്തുന്നതാണ്. ശുദ്ധജലത്തിന്റെ ഗുണനിലവാരം ഓരോ മണിക്കൂർ ഇടവിട്ട് നിരീക്ഷിക്കുവാൻ പമ്പയിൽ NABLഅംഗീകൃത ലബോറട്ടറിയും ജല വിതരണത്തിന്റെ മേൽനോട്ടം വഹിക്കുവാൻ അസി. എഞ്ചിനീയറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമും പ്രവർത്തിച്ചിരുന്നു. കുടിവെള്ളം പമ്പയിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ തന്നെ അത്യാധുനിക ലബോറട്ടറിയിൽ കർശന പരിശോധന നടത്തിയ ശേഷമാണ് വിതരണം ചെയ്തത്. ഇൻടേക്ക് പമ്പ്ഹൗസ് പരിസരത്തേക്ക് ആളുകൾ കടന്ന് മാലിന്യം ഉണ്ടാകാതിരിക്കാൻ പോലീസിന്റെ സഹായത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. വാട്ടർ കിയോസ്കുകൾ കൃത്യമായി വൃത്തിയായി സൂക്ഷിക്കുന്നതിനു ക്രമീകരണങ്ങൾ നടത്തിയിരുന്നു.

<u>സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതി</u>

സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 120 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന ശുദ്ധീകരണശാല മുതൽ നിലയ്ക്കൽ ബേസ് ക്യാമ്പ് വരെയുള്ള 22 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് പൂർത്തിയായി. മൂന്ന് ബൂസ്റ്റർ കം പമ്പ് ഹൗസുകൾ, നിലയ്ക്കൽ ബേസ് ക്യാമ്പിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മൂന്ന് ഉന്നതതല ജലസംഭരണി എന്നിവ പൂർത്തീകരിച്ചു. കാലങ്ങളായി നിലയ്ക്കൽ ബേസ് ക്യാമ്പിൽ ജലവിതരണം നടത്തി വന്നിരുന്നത് ടാങ്കർ ലോറികളുടെ

സഹായത്തോടെ ആയിരുന്നു. മണ്ഡലകാലത്ത് പമ്പയിൽ നിന്നും ടാങ്കർ ലോറി വഴി നിലയ്ക്കൽ ബേസ് ക്യാമ്പിൽ വെള്ളം എത്തിക്കുന്നത് ഗതാഗത തടസ്സം നേരിടുന്നതിന് കാരണമായിരുന്നു. കൂടാതെ പ്രതിവർഷം 5 കോടി രൂപയോളം ഇതിനായി ചെലവ് ഉണ്ടാകാറുണ്ടായിരുന്നു. നിലയ്ക്കൽ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായതോടുകൂടി സീതത്തോട് ജലശുദ്ധീകരണശാലയിൽ നിന്നും പൈപ്പ് ലൈൻ വഴി നിലയ്ക്കൽ ബേസ് ക്യാമ്പിലേക്ക് കുടിവെള്ളം എത്തിക്കുവാൻ സാധിച്ചു. ശുദ്ധീകരണശാലയിൽ നിന്നും ശുദ്ധീകരിച്ച ജലം പൈപ്പ് ലൈൻ വഴി നിലയ്ക്കൽ ബേസ് ക്യാമ്പിലെ ബി.എസ്.എൻ.എൽ ടവറിന് സമീപമുള്ള 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതലജലസംഭരണിയിലും പള്ളിയറക്കാവിലെ 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സ്റ്റീൽ ടാങ്കിലും എത്തിച്ചു. നിലവിലെ നിലയ്ക്കൽ ബേസ് ക്യാമ്പിലെ ജലവിതരണ ശൃംഖല വഴി കുടിവെള്ള വിതരണം നടത്തുവാൻ സാധിച്ചു. ഇതുമൂലം ടാങ്കർ ലോറി വഴിയുള്ള ജലവിതരണം 99% വരെ കുറയ്ക്കുവാൻ സാധിച്ചു. നിലവിൽ നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചതിനാൽ പമ്പയിൽ നിന്നും, സമാന്തരമായി സീതത്തോട്/ പെരുനാട്ടിൽ നിന്നും ടാങ്കർ ലോറിയിൽ നിലയ്ക്കലിൽ കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തി ഒഴിവാക്കാൻ സാധിച്ചു. പുതിയ പദ്ധതിയിൽ നിന്നും ഈ സീസണിൽ നിലയ്ക്കലിലേക്ക് 119618 കിലോ ലിറ്റർ ശുദ്ധജലവും, പമ്പയിലേക്ക് 468823 കിലോ ലിറ്റർ ശുദ്ധജലവും വിതരണം ചെയ്യാൻ സാധിച്ചു. അത്യാവശ്യ സന്ദർഭങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം ടാങ്കർ മുഖേന 1902 കിലോ ലിറ്റർ ശുദ്ധജലവും വിതരണം ചെയ്തു.

**കെ.എസ്.ഇ.ബി**

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരമുള്ള ക്രമീകരണങ്ങൾ നടത്തിയതിന്റെ ഫലമായി മണ്ഡലമകരവിളക്ക് കാലം മുഴുവനും സന്നിധാനം, പമ്പ, നിലയ്ക്കൽ എരുമേലി എന്നിവിടങ്ങളിലും പരിസരപ്രദേശങ്ങളിലും തടസ്സമില്ലാതെ വൈദ്യുതി വിതരണം നടത്തുവാൻ സാധിച്ചിരുന്നു.

പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ സ്വീകരിച്ച ക്രമീകരണങ്ങൾ

1. വൈദ്യുതി ശൃംഖലയുടെ വിശദമായ മുൻകൂട്ടിയുള്ള പരിശോധനകളും അറ്റകുറ്റപ്പണികളും നടത്തി.

2. പമ്പയിലും സന്നിധാനത്തും പൂർണ്ണമായും കവചിത (Covered) കണ്ടക്ടർ ഉപയോഗിച്ചിട്ടുള്ള വിതരണ സംവിധാനം ഏർപ്പെടുത്തി.

3. പമ്പ, സന്നിധാനം, കാനനപാതകൾ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിലെ ലൈറ്റുകൾ

പൂർണ്ണമായും LED-യിലേക്ക് മാറ്റി.

4. തീർത്ഥാടന കാലത്തിന് മുൻപ് 8000-ൽ പരം വഴിവിളക്കുകൾ സ്ഥാപിച്ചു. മകരവിളക്ക് പ്രമാണിച്ച് 2000 പുതിയ സ്ട്രീറ്റ് ലൈറ്റുകൾ കൂടി അധികമായി സ്ഥാപിച്ചു. മകരവിളക്ക് ദർശിക്കുന്നതിനായി പർണ്ണശാലകളിൽ തമ്പടിച്ചിരുന്ന ഭക്തർക്കായി പ്രത്യേക പ്രകാശ സംവിധാനം ഒരുക്കി.

5. എല്ലാ ട്രാൻസ്ഫോർമറുകളും നിലവാരമുള്ള വേലിക്കെട്ടിനുള്ളിലാണ് (Fencing) സ്ഥാപിച്ചിരിക്കുന്നത്.

6. വന്യമൃഗങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് ട്രാൻസ്ഫോർമർ/എ.ബി പോയിന്റുകളിൽ ലോഹ നിർമ്മിതമായ 'മങ്കി ഗാർഡുകൾ' സ്ഥാപിച്ചു.

7. വൈദ്യുതി പോസ്റ്റുകളിൽ ലീക്കേജ് കറണ്ട് ഇല്ലെന്ന് ഉറപ്പാക്കാൻ നോൺ-കോണ്ടാക്ട് ടെസ്റ്റർ ഉപയോഗിച്ച് ദിവസേന പരിശോധന നടത്തി.

8. താപവ്യതിയാനങ്ങൾ കണ്ടെത്താൻ പീക്ക് സമയങ്ങളിൽ തെർമൽ ഇമേജിംഗ് ക്യാമറ ഉപയോഗിച്ച് സ്കാനിംഗ് നടത്തി.

9. കെ.എസ്.ഇ.ബി. എല്ലാ പ്രതിഷ്ഠാപനങ്ങളിലും 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ പ്രദർശിപ്പിച്ചു.

10. മണ്ഡല- മകര വിളക്ക് കാലത്ത് പത്തനംതിട്ട ജില്ലയിൽ നിന്നും, സമീപ ജില്ലകളിൽ നിന്നും 200-ഓളം ജീവനക്കാരെ 10 ബാച്ചുകളായി ആവശ്യമായ പരിശീലനം നൽകി പ്രത്യേകം നിയോഗിക്കുകയും മകരവിളക്ക് ദിവസം ഭക്തജനത്തിരക്കുള്ള സ്ഥലങ്ങളിൽ ദ്രുതഗതിയിലുള്ള ഇടപെടലുകൾക്കായി കൂടുതൽ ജീവനക്കാരെ വിന്യസിക്കുകയും ചെയ്തു.

<u>എരുമേലിയിൽ സ്വീകരിച്ച ക്രമീകരണങ്ങൾ</u>

1. മണ്ഡല മകരവിളക്ക് സീസണിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെട്ട സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള പ്രവർത്തികൾ സീസൺ തുടങ്ങുന്നതിന് മുൻപ് പൂർത്തീകരിച്ചു.

2. ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെട്ട പ്രകാരം തീർത്ഥാടകരുടെ സുരക്ഷയ്ക്കായി അധിക സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തി.

3. എരുമേലി സെക്ഷൻ പരിധിയിലുള്ള പ്രദേശങ്ങളിലെ HT/LT ലൈനുകളുടെ ടച്ചിങ് ക്ലിയറൻസും, ലൈനുകളും, ട്രാൻസ്ഫോർമറുകളും AB സ്വിച്ചുകൾ പരിശോധിക്കുകയും ട്രാൻസ്ഫോർമറുകളുടെ ലോഡ് അളന്ന് തീർത്ഥാടനകാലത്ത് തടസ്സ രഹിതമായി വൈദ്യുതി

വിതരണം നടത്തുന്നതിനുള്ള കഴിവ് (capacity) ഉണ്ടെന്ന് ഉറപ്പുവരുത്തുകയും, ട്രാൻസ്ഫോർമറുകളുടെ കേബിളുകളും, ഫ്യൂസുകളും പരിശോധിച്ച് ആവശ്യമായ അറ്റകുറ്റ പണികൾ നടത്തുകയും ചെയ്തിരുന്നു.

4. അയ്യപ്പ ഭക്തന്മാർ കൂട്ടതലായി വരുന്ന സ്ഥലങ്ങളിൽ സുരക്ഷ പരിപാലനത്തിന്റെ ഭാഗമായി ഇൻസുലേറ്റഡ് (Insulated) കേബിളുകൾ സ്ഥാപിക്കുകയും അല്ലാത്ത ഭാഗങ്ങളിൽ സ്പേസർ (Spacer) സ്ഥാപിച്ച സുരക്ഷ ചെയ്തിരുന്നു.

5. എരുമേലി സെക്ഷൻ ഓഫീസിന്റെ കിഴക്കൻ മേഖലകളിലെ വൈദ്യുതിവിതരണം ഉറപ്പാക്കാൻ എരുമേലി ഓഫീസിൽ നിന്നും 20 കിലോമീറ്റർ അകലെയുള്ള കണമലയിൽ പുതുതായി ആരംഭിച്ച സബ്സെന്ററിൽ 24 മണിക്കൂറും ഡ്യൂട്ടിക്ക് ജീവനക്കാരെ അധികമായി നിയോഗിച്ചിരുന്നു.

6. മണ്ഡല മകരവിളക്ക് കാലം തീരുന്നതു വരെ പൊൻകുന്നം ഡിവിഷന് കീഴിലുള്ള സെക്ഷനുകളിൽ നിന്നും 3 ജീവനക്കാരെ എരുമേലി സെക്ഷനിലേക്കു അധികമായി നിയോഗിച്ചിരുന്നു.

<u>കെ.എസ്.ആർ.ടി.സി.</u>

2025-26 ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലയളവിൽ തീർത്ഥാടകർക്ക് സൗകര്യപ്രദമായ യാത്ര പ്രദാനം ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് കഴിഞ്ഞിട്ടുണ്ട്. മണ്ഡലപൂജ ആരംഭിച്ച വൃശ്ചികം 1 മുതൽ ആദ്യഘട്ടത്തിൽ പമ്പ – നിലയ്ക്കൽ ചെയിൻ സർവീസുകളും ദീർഘദൂര സർവീസുകളും ആരംഭിക്കുകയും പമ്പയിലും വിവിധ സ്പെഷ്യൽ സെന്ററുകളിലുമായി 437 ബസുകൾ സർവീസ് നടത്തുകയും ചെയ്തു. ഈ വർഷത്തെ മകരവിളക്ക് മഹോൽസവത്തിന് ചരിത്രത്തിലാദ്യമായി 1000 ബസുകൾ പൂൾ ചെയ്ത് ക്രമീകരിക്കുകയും യാതൊരു പരാതിയുമില്ലാതെ ആവശ്യാനുസരണം ബസുകൾ നൽകി വിജയകരമായി സ്പെഷ്യൽ സർവീസ് നടത്തുകയും ചെയ്തു. കൂടാതെ താഴെ പറയുന്ന ക്രമീകരണങ്ങൾ കൂടി തീർത്ഥാടനകരുടെ സൗകര്യാർത്ഥം ഏർപ്പെടുത്തുകയുണ്ടായി.

- പമ്പയിലും നിലയ്ക്കലും തീർത്ഥാടകരുടെ സൗകര്യത്തിനായി ക്ലോക്ക് റൂം, വിവിധ ഭാഷകളിൽ കൃത്യമായ ഇടവേളകളിൽ അനൌൺസ്മെൻറ്, ഡിജിറ്റൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഡിജിറ്റൽ പേയ്മെൻറ്, സ്മാർട്ട് ബസ് സ്റ്റോപ്പ് എന്നിവ ആദ്യമായി പ്രവർത്തനം ആരംഭിച്ചു.
- സൗജന്യ ത്രിവേണി-പമ്പ സ്പെഷ്യൽ സർവീസിന് ഉപരിയായി നിലയ്ക്കൽ ബസ് സ്റ്റേഷനെ പാർക്കിംഗ് ഗ്രൗണ്ടുമായി ബന്ധിപ്പിച്ച് അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം സർക്കുലർ

സർവീസുകളും 5 ബ്രാൻറ് ന്യൂ മിനി ബസ്സുകളുപയോഗിച്ച് നടത്തുകയുണ്ടായി.

- അപകടങ്ങളും തിരക്കും ഒഴിവാക്കി അയ്യപ്പഭക്തരെ സുഗമമായി ബസ്സുകളിൽ കയറ്റുന്നതിന് മകരവിളക്ക് ദിവസം പോലും പോലീസിന്റെയും ദേവസ്വം ബോർഡിന്റെയും സഹായത്തോടെ കൃത്യമായ ബാരിക്കേഡ് ക്യൂ സംവിധാനം വിജയകരമായി നടപ്പിലാക്കി.
- ബഡ്ജറ്റ് ടൂറിസം മുഖേന കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും സൗകര്യപ്രദമായ ഗ്രൂപ്പ് ബുക്കിംഗ് സംവിധാനത്തോടെ തീർത്ഥാടകരെ പമ്പയിൽ എത്തിച്ച് സുഗമമായി ശബരിമല ദർശനം നടത്തി തിരികെ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.
- കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിർചൽ ക്യൂ ബുക്കിംഗ് ഇല്ലാതെ എത്തുന്ന അയ്യപ്പഭക്തർക്ക് നിലയ്ക്കലിൽ വിർച്ചൽ ക്യൂ രജിസ്ട്രേഷൻ നടത്തുന്നതിന് പോലീസുമായി സഹകരിച്ച് പരാതിയില്ലാതെ സൗകര്യങ്ങൾ ഒരുക്കി.
- പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായ വർക്ക്ഷോപ്പ് സംവിധാനങ്ങളും കൂടാതെ വഴി മദ്ധ്യേയുള്ള ബ്രേക്ക്ഡൗണുകൾ/ അപകടങ്ങൾ ഉണ്ടായാൽ സമയ ബന്ധിതമായി പരിഹരിക്കുന്നതിന് പൂർണ്ണ സജ്ജമായ 3 വർക്ക്ഷോപ്പ് മൊബൈൽ യൂണിറ്റുകൾക്ക് ഉപരിയായി വാഹന നിർമ്മാതാക്കളുടെ ടെക്നിക്കൽ ടീമിന്റെ സേവനവും ലഭ്യമാക്കിയിരുന്നു.
- ഈ വർഷത്തെ ശബരിമല മണ്ഡല മഹോത്സവം സുഖമായി നടത്തുന്നതിനും തീർത്ഥാടകർക്ക് ആയാസരഹിതമായ സമയബന്ധിതമായും ദർശന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആയി 'sabariportaldcpta.in' എന്ന പേരിൽ ഒരു പോർട്ടൽ പത്തനംതിട്ട കളക്ടറേറ്റ് മുഖാന്തരം തയ്യാറാക്കിയിരുന്നു. പ്രസ്തുത പോർട്ടലിൽ നിലയ്ക്കൽ നിന്നും പമ്പയിലേക്കും തിരികെയും സർവീസ് നടത്തുന്ന കെ.എസ്. ആർ.ടി.സി. ബസുകളുടെയും അവയിലെ യാത്രക്കാരുടെയും എണ്ണം ഓരോ മണിക്കൂറിലും നൽകുകയും ആയതുവഴി യാത്രക്കാരുടെ എണ്ണം വിലയിരുത്തുവാനും തിരക്ക് നിയന്ത്രിക്കുവാനും സാധിച്ചു.

**<u>ഇറിഗേഷൻ വകുപ്പ്</u>**

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനം 2025-2026-മായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് 120.21 ലക്ഷം രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2018ലെ പ്രളയത്തിനു ശേഷം ഉപയോഗശൂന്യമായി കിടന്നിരുന്ന വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷന് upstream-ലായിട്ടുള്ള പണ്ടാരക്കയം VCB (Vented Cross Bar ) യും ആറാട്ടുകടവിന് downstream-ലായിട്ടുള്ള വലിയാനവട്ടം VCB യും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ

അനുമതിയോടുകൂടി ചെളിയും തടികളും നീക്കം ചെയ്ത് ഉപയോഗപ്രദമാക്കിയതു മൂലം പമ്പ സ്നാനസരസ്സിൽ നിന്നും താഴേക്കുള്ള ഒഴുക്ക് സുഗമമാക്കുന്നതിനും സ്നാനസരസ്സ് ഇടയ്ക്കിടെ ഫ്ലഷ് ചെയ്യുന്നതിനും സാധിച്ചു. കൂടാതെ പമ്പ സ്നാന ഘട്ടത്തിൽ സ്നാനം നടത്തുന്നതിനും കുടിവെള്ളത്തിനുമുള്ള ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി നിർമ്മിച്ചിട്ടുള്ള മറ്റ് VCBകളുടെ അറ്റകുറ്റപ്പണികളും ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും, സ്നാനഘട്ടത്തിന്റെ ലെവലിങ്ങും, പാലങ്ങളുടെ പെയിൻറിംങ്ങും, സ്നാനഘട്ടത്തിൽ ബാരിക്കേഡുകൾ സ്ഥാപിക്കൽ, ആറു ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുന്ന പ്രവർത്തി, തീർത്ഥാടന പാതയിലുള്ള മുപ്പതോളം കടവുകളുടെ ഡീസിൽട്ടേഷൻ/ക്ലീനിങ്, ഫെൻസിംഗ്/ബാരിക്കേഡുകൾ സ്ഥാപിക്കൽ, ആറു ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ, തീർത്ഥാടന പാതയിൽ പമ്പാനദിയോട് ചേർന്ന് അപകടകരമായ സ്ഥലങ്ങളിൽ ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവർത്തി, എന്നിവ കൃത്യസമയത്തിനുള്ളിൽ തന്നെ പൂർത്തീകരിച്ചു.

പമ്പ മുതൽ മരക്കൂട്ടം വരെ (അടിയന്തിര ഘട്ടങ്ങളിൽ സന്നിധാനത്തും) ജലവിതരണം നടത്തുന്നതിന് ത്രിവേണി പാലത്തിന് upstream ഭാഗത്തായുള്ള വാട്ടർ അതോറിട്ടിയുടെ പമ്പ് ഹൗസിന് സമീപം സ്ഥിതി ചെയ്യുന്ന VCB പ്രവർത്തനക്ഷമമാക്കി ആവശ്യാനുസരണം ഷട്ടറുകൾ സ്ഥാപിച്ച് പമ്പിംഗിനാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തിയിട്ടുള്ളതാണ്. ആയതിലേക്കും, സ്നാനഘട്ടത്തിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനും ആറിലെ നീരൊഴുക്ക് കുറഞ്ഞ് മതിയായ ജലം ഇല്ലാതെ വന്നപ്പോൾ ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് KSEB യുടെ കീഴിലുള്ള കുള്ളാർ ഡാമിൽ നിന്നും 11.12.2025 മുതൽ 19.01.2026 വരെ ആവശ്യാനുസരണം ജലം തുറന്നു വിട്ട് പമ്പയിൽ ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ സ്നാനഘട്ടത്തിലെ ജല നിരപ്പ് നിരീക്ഷിക്കുന്നതിനും VCB കൾ പ്രവർത്തിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനുമായുള്ള അധിക ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നു.

മേൽപ്പറഞ്ഞ പ്രവർത്തികൾ കൂടാതെ പന്തളം ഭാഗത്ത് വലിയ കോയിക്കൽ ക്ഷേത്രത്തിനോട് ചേർന്നുള്ള കടവുകൾ ഉൾപ്പെടെ വിവിധ കടവുകളിൽ അയ്യപ്പഭക്തന്മാരുടെ സുരക്ഷയ്ക്കായി ഫെൻസിംഗ് സ്ഥാപിക്കലും ആറ് ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കലും പൂർത്തിയാക്കിയിരുന്നു. കൂടാതെ പന്തളം ക്ഷേത്രത്തിനു സമീപമുള്ള ചെക്ക് ഡാമിന് സമാന്തരമായി ആറിന് കുറുകെ ഭക്ത ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് വേലി സ്ഥാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തോടനുബന്ധിച്ചുള്ള പാർക്കിംഗ് ഗ്രൗണ്ടിലേക്ക് അച്ചൻകോവിലാറിൽ നിന്നും വെള്ളം കയറുന്നത് ഒഴിവാക്കുന്നതിനായി ഷട്ടർ സംവിധാനത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. ഇതോടൊപ്പം കടവിലെ

അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു. ശബരിമലയുടെ ഇടത്താവളമായ ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിന്റെ മിത്രക്കടവ് ശുചീകരണ പ്രവർത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

ത്രിവേണി പാലത്തിനോട് ചേർന്ന് ശക്തമായ നീരൊഴുക്കിൽ രൂപപ്പെട്ട കുഴി നികത്തി apron കൂട്ടുന്ന പ്രവർത്തിയും (14.30 ലക്ഷം) തീർത്ഥാടകർ ഉപയോഗിച്ചു വരുന്ന ചെറുകോൽ ഗ്രാമപഞ്ചായത്തിലെ ചെറുവള്ളിക്കാവ് ക്ഷേത്രകടവ്, അയിരൂർ ഗ്രാമപഞ്ചായത്തിലെ ചെമ്പോതുരുത്തിൽകടവ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തികൾ (21.93 ലക്ഷം) ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**<u>മോട്ടോർ വാഹന വകുപ്പ്</u>**

മോട്ടോർ വാഹന വകുപ്പ് കഴിഞ്ഞ 17 വർഷങ്ങളായി ശബരിമല തീത്ഥാടന കാലവുമായി ബന്ധപ്പെട്ട് സേഫ് സോൺ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പോലീസ്, ഫയർ ഫോഴ്സ്, എക്സൈസ്, ഫോറസ്റ്റ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., തിരുവിതാംകൂർ ദേവസ്വം ബോർഡ്, കെ.ആർ.എസ്.എ. എന്നീ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പ ഭക്തർക്ക് അവരുടെ വാഹനം ട്രാഫിക് ബ്ലോക്കുകളിൽപ്പെടാതിരിക്കുവാനുള്ള കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടന കാലത്ത് അപകടങ്ങളിൽപെടുന്ന വാഹനങ്ങൾ ക്രെയിൻ, റിക്കവറി വാൻ എന്നിവ ഉപയോഗിച്ച് ഉയർത്തി രക്ഷാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാനന പാതകളിൽ ബ്രേക്ക് ഡൗൺ ആകുന്ന അയ്യപ്പ ഭക്തരുടെ വണ്ടികൾക്ക് കേടുപാടുകൾ തീർത്തു നൽകുന്നതിനായി നിലവിൽ ഇന്ത്യയിൽ സർവ്വീസ് നടത്തുന്ന പ്രധാന വാഹന നിർമ്മാണ കമ്പനികളിലെ മെക്കാനിക്കുകളുടെയും, ഓൺ റോഡ് സർവ്വീസ് സൗകര്യം, സ്പെയർപാർട്ട്സ് ഉൾപ്പെടെ ലഭ്യമാക്കിയിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ് നിതാന്ത ജാഗ്രത പുലർത്തി പെട്രോളിംഗ് നടത്തുകയും രാത്രി കാലങ്ങളിൽ അയ്യപ്പ ഭക്തരുമായി എത്തുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ക്ഷീണമകറ്റാൻ ചുക്കു കാപ്പി വിതരണവും നടത്തിയിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സേഫ് സോൺ പദ്ധതിയുടെ 3 കൺട്രോൾ റൂമുകളാണ് 24 മണിക്കൂറും പ്രവർത്തിച്ചിട്ടുള്ളത്. കുട്ടിക്കാനം, എരുമേലി, ഇലവുങ്കൽ എന്നിവയാണവ. 2025-2026 തീർത്ഥാടന കാലത്ത് അയ്യപ്പ ഭക്തർക്ക് സഹായത്തിനായി വിളിച്ചിട്ടുള്ളത് 4585 ഫോൺകോളുകളാണ്. ആകെ അപകടങ്ങളിൽപ്പെട്ട വാഹനങ്ങളുടെ എണ്ണം 176 ആണ്. ബ്രേക്ക് ഡൗണുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് 4311 ആണ്. Quick Respond Team അറ്റൻഡ് ചെയ്തിട്ടുള്ളത് 154 കേസുകളാണ്. 2025-2026 ശബരിമല തീർത്ഥാടന കാലത്ത് സേഫ് സോൺ പദ്ധതിയിലെ 3 കൺട്രോൾ റൂമുകളുടെയും കൂടി

നിരീക്ഷണത്തിൽ വരുന്ന 504 km പരിധിയിൽ വാഹന അപകടങ്ങളിൽ ഒരു അയ്യപ്പ ഭക്തന്റെ ജീവൻ പോലും പൊലിഞ്ഞിട്ടില്ല.

<u>എക്സൈസ് വകുപ്പ്</u>

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അബ്കാരി നിയമങ്ങളും എൻ.ഡി.പി.എസ് ആക്ടും നടപ്പിലാക്കുന്നതിനായി ഒരു ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ 07 അസി. എക്സൈസ് കമ്മീഷണർമാർ, 21 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ, 63 എക്സൈസ് ഇൻസ്പെക്ടർമാർ, 147 പ്രിവന്റിവ് ഓഫീസർമാർ, 231 സിവിൽ എക്സൈസ് ഓഫീസർമാർ, 21 വനിത സിവിൽ എക്സൈസ് ഓഫീസർമാർ, കൂടാതെ 28 രഹസ്യാന്വേഷണ വിഭാഗം ഉദ്യോഗസ്ഥർ, 28 സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർമാർ എന്നിവർ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ മൂന്ന് താൽക്കാലിക എക്സൈസ് റേഞ്ച് ഓഫീസുകളിൽ 2025 നവംബർ 15 മുതൽ 2026 ജനുവരി 20 വരെ ഏഴ് ടേണുകളിലായി പ്രവർത്തിച്ചിരുന്നു. ഓരോ താത്കാലിക എക്സൈസ് റേഞ്ച് ഓഫീസുകളിലും ഡ്യൂട്ടിയ്ക്ക് ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, 3 എക്സൈസ് ഇൻസ്പെക്ടർമാർ, പ്രവന്റീവ് ഓഫീസർമാർ (നിലയ്ക്കൽ-9, സന്നിധാനം-6, പമ്പ-6), സിവിൽ എക്സൈസ് ഓഫീസർമാർ (സന്നിധാനം-14, നിലയ്ക്കൽ-11, പമ്പ-8), വനിതാ സിവിൽ എക്സൈസ് ഓഫീസർമാർ (നിലയ്ക്കൽ-3) എന്നിങ്ങനെ ഒരു ടേണിൽ 78 ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു.

ശബരിമല തീർത്ഥാടന കാലയളവിൽ പമ്പ, സന്നിധാനം, നിലയ്ക്കൽ ക്യാമ്പ്, മറ്റ് ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ വ്യാജമദ്യവിൽപ്പന, വ്യാജവാറ്റ്, നിരോധിത ലഹരിവസ്തുക്കളുടെ വിൽപ്പന എന്നിവ തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പ്, പോലീസ്, ഫോറസ്റ്റ്, റവന്യൂ, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളുമായി ചേർന്ന് കോന്നി, റാന്നി താലൂക്കുകളിലും, ഇടത്താവളങ്ങളിലും, പൂങ്കാവന പ്രദേശങ്ങളിലും, സംയുക്ത റെയ്ഡുകൾ നടത്തിയിട്ടുള്ളതാണ്. കൂടാതെ തീർത്ഥാടനത്തിന് മുന്നോടിയായി ളാഹ മുതൽ സന്നിധാനം വരെ മദ്യനിരോധനം സംബന്ധിച്ച് വിവിധ ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിരുന്നു. മണ്ണാറക്കുളഞ്ഞി മുതൽ നിലയ്ക്കൽ വരെയുള്ള റോഡിൽ 24 മണിക്കൂറും എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന റോഡ് പട്രോളിംഗ് നടപ്പാക്കിയിരുന്നു. ആറന്മുള, പന്തളം എന്നീ സ്ഥലങ്ങളിൽ താൽക്കാലിക പിക്കറ്റ് പോസ്റ്റുകൾ സ്ഥാപിച്ച് പരിശോധനകൾ നടത്തിയിരുന്നു. പൂങ്കാവന പ്രദേശങ്ങളിൽ അന്യസംസ്ഥാനത്തുനിന്നും ഉൾപ്പെടെയുള്ള തീർത്ഥാടകരെ ബോധവത്ക്കരിക്കുന്നതിന്റെ

ഭാഗമായി വിമുക്തി ലഘു ലേഖകൾ വിതരണം ചെയ്യുകയും പമ്പ, അട്ടത്തോട്, ആങ്ങമൂഴി, പ്ലാപ്പളളി, ളാഹ, പുൽമേട് ഭാഗങ്ങളിലും കോമ്പിംഗ് പരിശോധനകളും പാണ്ടിത്താവളം, ത്രിവേണി പാർക്കിംഗ് ഗ്രൗണ്ട്, നീലിമല, വലിയാനവട്ടം, ചെറിയാനവട്ടം, ശബരീപീഠം, മരക്കൂട്ടം, ശരംകുത്തി, ഭസ്മക്കുളം, ഉരക്കുഴി, ഹിൽടോപ്പ്, പുൽമേട്, പമ്പ ബസ് സ്റ്റാന്റ്, ചാലക്കയം ഭാഗങ്ങളിൽ റെയ്ഡുകൾ നിരന്തരം സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

<u>ഭക്ഷ്യ സുരക്ഷാ വകുപ്പ്</u>

ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, നിലക്കൽ, പമ്പ, എരുമേലി എന്നിവിടങ്ങളിൽ രണ്ടു ഭക്ഷ്യ സുരക്ഷ ഓഫീസർമാരെയും മിനിറ്റീരിയൽ വിഭാഗത്തിൽ നിന്നുള്ള ഒരു സ്റ്റാഫിനെ ഉൾപ്പെടുത്തി സ്പെഷൽ സ്ക്വാഡ് രൂപീകരിച്ച് മണ്ഡല മകരവിളക്ക് കാലം മുഴുവൻ കർശന പരിശോധനകൾ നടത്തിയിട്ടുണ്ട്. ശബരിമലയിൽ വിതരണം ചെയ്യുന്ന അപ്പം, അരവണ എന്നിവയും ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മറ്റു ഭക്ഷണവിതരണ സ്ഥാപനങ്ങൾ എന്നിവകൾ കേന്ദ്രീകരിച്ചും പരിശോധന നടത്തിയിട്ടുണ്ട്. ആകെ 2866 പരിശോധനകൾ നടത്തിയതിൽ 124 സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസ്, 44 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ്, രണ്ട് സ്ഥാപനങ്ങൾക്ക് ഇമ്പ്രൂവ്മെന്റ് നോട്ടീസ് എന്നിവ നൽകുകയും 1093 സർവയിലൻസ് സാമ്പിളുകൾ ശേഖരിച്ച് 86 സാമ്പിളുകൾ ഗവൺമെൻറ് അനലിസ്റ്റ് ലാബോറട്ടറി തിരുവനന്തപുരത്തും 190 സാമ്പിളുകൾ ജില്ലാ ഫുഡ് ലാബോറട്ടറി പത്തനംതിട്ടയിലും 773 സാമ്പിളുകൾ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബോറട്ടറിയിലും പരിശോധിച്ചിട്ടുണ്ട്. നിലയ്ക്കലിലും എരുമേലിയിലും മൊബൈൽ ടെസ്റ്റിംഗ് ലാബോറട്ടറി ഉപയോഗിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ട്. സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ ഭക്ഷ്യ സംരംഭകർക്കായി FoSTAC ട്രെയിനിങ്, അവബോധന ക്ലാസുകൾ, ലൈസൻസ് രജിസ്ട്രേഷൻ മേളകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. കോമ്പൗണ്ടിംഗ് ഫൈൻ ആയി 2,42,500രൂപ ഈടാക്കിയിട്ടുണ്ട്. വഴിപാട് പ്രസാദങ്ങൾക്കായി എത്തിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി പമ്പയിലും സന്നിധാനത്തും ദേവസ്വം ബോർഡിന്റെ സഹായത്തോടെ ഭക്ഷ്യ സുരക്ഷാ ലാബോറട്ടറികൾ പ്രവർത്തിച്ചിരുന്നു. ഇതിനുപുറമെ ശബരിമലയിലെ വഴിപാട് പ്രസാദം, കുടിവെള്ളം, മറ്റു അസംസ്കൃത വസ്തുക്കൾ എന്നിവ പത്തനംതിട്ട ജില്ല ഫുഡ് ടെസ്റ്റിങ് ലാബോറട്ടറിയിൽ പരിശോധിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കിയിരുന്നു. സാമ്പിളുകളുടെ പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ 4 സ്ഥാപനങ്ങൾക്കെതിരെ അഡ്ജുഡിക്കേഷൻ കേസ് ഫയൽ ചെയ്യുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ലീഗൽ മെട്രോളജി വകുപ്പ്**

2025-26 വർഷത്തെ ശബരിമല മണ്ഡല മഹോത്സവത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ക്വാഡിലും, എ.ഡി.എം ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഔട്ടർ പമ്പ സ്ക്വാഡിലും സേവനമനുഷ്ഠിക്കുന്ന ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരും കോട്ടയം ജില്ലാ കളക്ടറുടെ സംയുക്ത സ്ക്വാഡിൽ എരുമേലിയിൽ പ്രവർത്തിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരും പരിശോധനകൾ നടത്തുകയും നിയമലംഘനം കണ്ടെത്തിയ മുറയ്ക്ക് കേസുകൾ രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

സന്നിധാനം, പമ്പ, നിലയ്ക്കൽ, ഔട്ടർ പമ്പ എന്നീ പ്രദേശങ്ങളിലെ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി 121 കേസുകൾ കണ്ടെത്തുകയും 4,91,000/- രൂപ രാജി ഫീസിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുള്ളതാണ്. എരുമേലി സ്ക്വാഡിലെ ഉദ്യോഗസ്ഥർ 11 കേസുകൾ കണ്ടെത്തുകയും, 48,000/- രൂപ രാജി ഫീസിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുള്ളതാണ്.

**ഭക്ഷ്യ പൊതുവിതരണ വകുപ്പ്**

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് തീർത്ഥാടകരിൽ നിന്ന് ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കി ചൂഷണം ചെയ്യാതിരിക്കുന്നതിനായി സന്നിധാനം, പമ്പ, നിലയ്ക്കൽ, ഔട്ടർ പമ്പ (ജില്ലയിലെ മറ്റ് ഇതര സ്ഥലങ്ങൾ) എന്നിവിടങ്ങളിലെ വെജിറ്റേറിയൻ ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്ന ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വില നിശ്ചയിക്കുകയും, അപ്രകാരം നിശ്ചയിച്ച വില അച്ചടിച്ച് ഹോട്ടലുകളിൽ പതിപ്പിക്കുന്നതിനും ടി വിലയുടെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതിനും കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ സന്നിധാനം, പമ്പ, നിലയ്ക്കൽ, ഔട്ടർ പമ്പ (ജില്ലയിലെ മറ്റ് ഇതര സ്ഥലങ്ങൾ) എന്നിവിടങ്ങളിൽ പരിശോധനകൾക്കായി സംയുക്ത പരിശോധനാ സംഘത്തെ നിയോഗിച്ചിരുന്നു. സ്ക്വാഡുകളുടെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് നോട്ടീസ് നൽകുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരാതികൾ അറിയിക്കുന്നതിനായി കളക്ടേറ്റിൽ ഏകീകൃത ടോൾ ഫ്രി സംവിധാനം സജ്ജീകരിക്കുകയും പരാതികൾ സമയബന്ധിതമായി പരിശോധനാ സംഘങ്ങൾക്ക് കൈമാറി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ വകുപ്പ്**

ശബരിമല തീർത്ഥാടനം കാര്യക്ഷമമായി നടത്തുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ 17/02/2025-ലെ SSCR No. 79/2024 നമ്പർ ഉത്തരവ് പ്രകാരവും, സർക്കാരിന്റെ നിർദ്ദേശ പ്രകാരവും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സ്ക്വാഡ് ഡ്യൂട്ടിക്ക് ജീവനക്കാരെ നിയോഗിച്ചിരുന്നു. ആയത് മുഖേന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും തീർത്ഥാടകർക്ക് പരമാവധി മെച്ചപ്പെട്ട കുടിവെള്ളവും ഭക്ഷണവും ലഭിക്കുന്ന സാഹചര്യം ഉറപ്പുവരുത്തുവാനും കഴിയുന്നുണ്ട്. ശബരിമല തീർത്ഥാടകർ കടന്നുപോകുന്ന ഭാഗത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീർത്ഥാടകർക്ക് കുടിവെള്ള സൗകര്യവും വിരി വെയ്ക്കുന്നതിനുള്ള സൗകര്യവും ശുചിമുറി സൗകര്യവും ഒരുക്കുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കടവുകളിൽ അപായ ബോർഡുകൾ സ്ഥാപിക്കുകയും ലൈഫ് ഗാർഡുകളെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്യുന്നുണ്ട്. ശബരിമലയിലെ കച്ചവട സ്ഥാപനങ്ങൾക്ക് രേഖകൾ പരിശോധിച്ച് ലൈസൻസ് അനുവദിക്കുന്നുണ്ട്. കൂടാതെ ശബരിമല തീർത്ഥാടനം കാര്യക്ഷമമായി നടത്തുന്നതിനായി സർക്കാർ 04/11/2025 ലെ സ.ഉ(സാധാ) നം. 8886/2025/ധന ഉത്തരവ് പ്രകാരം ശബരിമലയ്ക്ക് ചുറ്റുമുള്ള 6 ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതം ആകെ 90 ലക്ഷം രൂപയും ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് 25 ലക്ഷം രൂപയും സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിരുന്നു.

**<u>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്</u>**

2025-26 ലെ ശബരിമല മണ്ഡലവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ മുഴുവൻ സമയം ഉദ്യോഗസ്ഥരെ നിയമിക്കുകയും കെ.എസ്.ഇ.ബി.എൽ., തിരുവതാംകൂർ ദേവസ്വം ബോർഡ്, വാട്ടർ അതോറിറ്റി, ആരോഗ്യ വകുപ്പ് എന്നിവയുമായി സംയുക്തമായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ താത്കാലിക വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ ഉൾപ്പെടെ സുരക്ഷാ പരിശോധന നടത്തുകയും ആവശ്യമായ നിർദേശങ്ങളും അനുമതിയും നൽകകയും ചെയ്തിട്ടുണ്ട്.

**<u>വിവര പൊതുജന സമ്പർക്ക വകുപ്പ്</u>**

ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ നിയന്ത്രണത്തിൽ മാധ്യമ ഏകോപനത്തിനും ഔദ്യോഗിക വാർത്തകൾ നൽകുന്നതിനും വാർത്താ സമ്മേളനം ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി എന്നിവയ്ക്കുമായി സന്നിധാനത്ത് മീഡിയോ സെന്റർ തയ്യാറാക്കി ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു.

**ശുചിത്വ മിഷൻ**

ശബരിമലയിലെ മാലിന്യ നിർമ്മാർജനത്തിലും ഹരിതചട്ടപാലനത്തിലും ശുചിത്വ മിഷൻ മാതൃകാപരമായി പ്രവർത്തിക്കുകയുണ്ടായി. ശബരിമലയിലേക്ക് എത്തുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി അയ്യപ്പന്മാരുടെ പക്കൽ നിന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വാങ്ങി പകരം തുണിസഞ്ചി ശുചിത്വമിഷന്റെ നേതൃത്വത്തിൽ വിതരണം ചെയ്തിരുന്നു. 30,000 തുണി സഞ്ചികളാണ് നിലയ്ക്കലിലും ചെങ്ങന്നൂരിലും സജ്ജീകരിച്ചിരിക്കുന്ന കിയോസ്കുകൾ വഴി വിതരണം ചെയ്തത്. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ ശബരിമല കവാടങ്ങൾ, ഇടത്താവളങ്ങൾ, ബസ് സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ ശുചിത്വ മിഷൻ ശുചിത്വ സന്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഐ.ഇ.സി. (IEC) ബോർഡുകൾ സ്ഥാപിച്ചിരുന്നു. കൂടാതെ അയ്യപ്പന്മാർ പമ്പാ നദിയിൽ തുണി ഉപേക്ഷിക്കുന്നത് തടയുന്നത് ലക്ഷ്യമിട്ടുള്ള 20 മീറ്റർ നീളമുള്ള കൂറ്റൻ ഐ.ഇ.സി. ബാനറുകൾ സ്നാനഘട്ടത്തിന് എതിർവശത്തായുള്ള ഗാബിയോൺ വാളിൽ സ്ഥാപിച്ചിരുന്നു. ശബരിമലയിലേക്കുള്ള പാതയിൽ പ്ലാപ്പള്ളി- ഇലവുങ്കൽ, ഇലവുങ്കൽ- ചാലക്കയം, ഇലവുങ്കൽ- കണമല സ്ട്രെച്ചുകളിലെ ഐ.ഇ.സി./ ബോധവൽക്കരണ ബോർഡുകളുടെ തകരാറുകൾ പരിഹരിച്ചു. ഈ സ്ട്രെച്ചുകളിൽ വനം വകുപ്പ് നിയോഗിക്കുന്ന ഇക്കോ ഗാർഡുകൾ 25 പോയിന്റുകൾ ബാഗുകളിലായി ശേഖരിച്ചുവയ്ക്കുന്ന അജൈവ മാലിന്യം പത്തനംതിട്ട ജില്ലാ ശുചിത്വ മിഷനും പത്തനംതിട്ട ക്ലീൻ കേരള കമ്പനിയും റാന്നി പെരുനാട് ഗ്രാമപഞ്ചായത്തും സംയുക്തമായി ഒന്നിടവിട്ട ദിവസങ്ങളിൽ ശേഖരിച്ച് പത്തനംതിട്ട കുന്നന്താനം ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റിയിൽ എത്തിച്ച് സംസ്കരിച്ച് പെല്ലറ്റുകളിലാക്കി മാറ്റിയ പ്രവർത്തനം വൻ വിജയമായിരുന്നു. ഇതിലൂടെ ശബരിമല പാതയോരങ്ങളെ മാലിന്യ രഹിതമായി സൂക്ഷിക്കാൻ ശുചിത്വ മിഷന് സാധിച്ചു. കൂടാതെ ജില്ലയിലെ ശുചിത്വ മിഷന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന് ശബരിമലയുടെ ചുമതല നൽകി സുപ്രധാന ഇടത്താവളങ്ങളിലും പാതയോരങ്ങളിലും പരിശോധനകൾക്കായി നിയോഗിച്ചിരുന്നു.

**മലിനീകരണ നിയന്ത്രണ ബോർഡ്**

മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ക്യാമ്പ് ഓഫീസുകൾ 16.11.2025 മുതൽ ആരംഭിച്ചിരുന്നു. സന്നിധാനത്ത് സ്ഥിതി ചെയ്യുന്ന ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ (STP) നിന്നും പുറന്തള്ളുന്ന ശുദ്ധീകരിച്ച മലിനജലത്തിന്റെ പ്രതിദിന ഗുണനിലവാര പരിശോധന സന്നിധാനം ഓഫീസിൽ നിന്നും നടത്തിയിരുന്നു. പമ്പയിൽ സ്ഥിതി ചെയ്യുന്ന

ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച മലിനജലത്തിന്റെ പ്രതിദിന ഗുണനിലവാര പരിശോധന, പമ്പയിലെ വായു ഗുണനിലവാര പരിശോധന, പമ്പാനദിയിലെ വിവിധ ഭാഗങ്ങളിൽ (ആറോളം) നിന്നും ജലസാമ്പിളുകൾ ശേഖരിച്ചുള്ള പ്രതിദിന ഗുണനിലവാര പരിശോധന എന്നിവ നടത്തിയിരുന്നു. കൂടാതെ പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിൽ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ (water kiosk) പ്രതിദിന ഗുണനിലവാര പരിശോധനയും നടത്തിയിരുന്നു. മണ്ഡല കാലത്ത് എല്ലാ ദിവസവും 10 വീതം NSS വോളന്റിയർമാരുടെ സേവനം പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ പരിസ്ഥിതി ബോധവൽക്കരണത്തിനായി ഉപയോഗപ്പെടുത്തിയിരുന്നു. കൂടാതെ പമ്പ/നിലയ്ക്കൽ/സന്നിധാനം എന്നിവിടങ്ങൾ പ്ലാസ്റ്റിക് നിരോധിത മേഖലയായതിനാൽ ആയത് തീർത്ഥാടകരെ ബോധവൽക്കരിക്കുന്നതിനായും, പമ്പ നദിയിൽ ആചാരത്തിന്റെ പേരിൽ തുണി നിക്ഷേപിക്കുന്നത് മൂലമുള്ള പരിസ്ഥിതി പ്രശ്നം പരിഹരിക്കുന്നതിനായും, ജൈവ/അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബോധവൽക്കരണത്തിനായും ബോർഡിൽ നിന്നും അവബോധന ലഘു വീഡിയോകളും, ഓഡിയോകളും, ബാനറുകളും തയ്യാറാക്കുകയും ബാനറുകൾ പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും ലഘു വീഡിയോ/ഓഡിയോകൾ തീർത്ഥാടകർ എത്തിച്ചേരുന്ന പ്രമുഖ KSRTC ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലും പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലും പ്രദർശനം നടത്തുകയും ചെയ്തിരുന്നു. കൂടാതെ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിന് ബോർഡിൽ നിന്നും ദിനംപ്രതി പരിശോധനകൾ നടത്തിയിരുന്നു.

**<u>കുടുംബശ്രീ മിഷൻ</u>**

ക്ലീൻ കേരള കമ്പനിയുടെ സ്പോൺസർഷിപ്പിൽ റാന്നി, നിലക്കൽ, ചെങ്ങന്നൂർ എന്നീ കേന്ദ്രങ്ങളിൽ വച്ച് തുണിസഞ്ചി വിതരണം ചെയ്തു. പന്തളം ഡി.ടി.പി.സി. അമിനിറ്റി സെന്ററിൽ പ്രവർത്തിക്കുന്ന പ്രീമിയം കഫേയുടെ നേതൃത്വത്തിൽ ശബരിമല തീർത്ഥാടകർക്ക് വിരി വയ്ക്കുന്നതിനും വാഹന പാർക്കിംഗ്, ഭക്ഷണം എന്നിവയ്ക്കുമുള്ള സൗകര്യം ഒരുക്കി നൽകി. കൂടാതെ വിശുദ്ധി സേനയ്ക്കുള്ള താമസ സൗകര്യവും സജ്ജീകരിച്ചു. ഹരിതകർമ്മസേന അംഗങ്ങളുടെ നേതൃത്വത്തിൽ തിരുവാഭരണ പാത ശുചീകരിച്ചു. മലൈപണ്ടാരം വിഭാഗത്തിന്റെ നേതൃത്വത്തിൽ റാന്നി പെരുനാട് ഇടത്താവളത്തിൽ വച്ച് വന വിഭവങ്ങളുടെ വിപണനം ലക്ഷ്യമാക്കി മാർക്കറ്റിംഗ് കിയോസ്ക്ക് സ്ഥാപിക്കുകയും ടി കിയോസ്കിൽ ശബരിമല താർത്ഥാടകർക്കായി ലഘുഭക്ഷണം സജ്ജീകരിക്കുകയും ചെയ്തിരുന്നു.

<u>ദുരന്ത നിവാരണ അതോറിറ്റി</u>

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ (Emergency Operation Centre) പ്രവർത്തനങ്ങൾക്കായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് 12 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 9 ലക്ഷം രൂപ പ്രാഥമിക പ്രവർത്തനങ്ങൾക്കായി പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പ്രത്യേക കൺട്രോൾ റൂമുകളിലേക്ക് 30 ടെക്നിക്കൽ കൺട്രോൾ റൂം ഓഫീസർമാരെ താൽക്കാലികമായി നിയമിച്ചിരുന്നു. പത്തനംതിട്ട ജില്ലയിലെ നിലവിലെ ഹസാർഡ് അനലിസ്റ്റിനെ കൂടാതെ, സംസ്ഥാനത്തു നിന്ന് ഒരു ഹസാർഡ് അനലിസ്റ്റ്/LSG DM Plan Co-ordinator-നെ കൂടി 24 മണിക്കൂർ ഡ്യൂട്ടിക്ക് ശബരിമലയിലേക്ക് നിയോഗിച്ചിരുന്നു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, പാറ നിരങ്ങൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടെത്തി മുന്നറിയിപ്പുകൾ നൽകുകയും ആവശ്യമായ ഇടങ്ങളിൽ സുരക്ഷാ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. എല്ലാ നോഡൽ ഡിപ്പാർട്ടുമെന്റുകളുമായും ചേർന്ന് സുരക്ഷാ യാത്ര നടത്തുകയുണ്ടായി. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മഴ മുന്നറിയിപ്പുകൾ SEOC-യിൽ നിന്ന് യഥാസമയം ജില്ലാ കേന്ദ്രങ്ങളിലേക്കും (DEOC) ശബരിമല EOC-കളിലേക്കും എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിരുന്നു. കൂടാതെ ശബരിമല ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ പുതുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.